
# APRIL 2023 FULL CA

PSC TALKZ

Join us on Telegram

Subscribe

GET IT ON Google Play




# PSC TALKZ

A Unique platform for Self dedicated learners of life to improve and sharpen their skill set, An comprehensive website daily updated with free study materials, Mock quizzes, Model Exams with emphasized focus on Kerala PSC candidates in clearing the PSC examinations.

# 4.30 AM MORNING SELF STUDY BATCH





**Yes the time dedicated for the go-getters...active community of Quality Members early in the Morning for disciplined Self Study time, live discussions and quizzes, elite group in telegram solely for the aim of seeking knowledge**

**We are a strong 55000 + community who wants to strive for betterment of life and we have an active telegram activity channel + Discussion group**

# COME JOIN US!

Join us on Telegram

Subscribe

GET IT ON Google Play

## APRIL 1

- ലോക ബാക്ക് അപ്പ് ദിനമായി ആചരിക്കപ്പെടുന്നത് ?
    - **മാർച്ച് 31**
- 2023 ലെ അന്ധത തടയൽ വാരം ആചരിക്കുന്നത് ?
    - **2023 ഏപ്രിൽ 1 മുതൽ ഏപ്രിൽ 7 വരെ**
- അടുത്തിടെ കായിക സർവകലാശാല സ്ഥാപിക്കാൻ ഒരുങ്ങുന്നത് എവിടെയാണ് ?
    - **ഹൽദ്വാനി, ഉത്തരാഖണ്ഡ്**
- അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഗ്രാമങ്ങളിലേക്കുള്ള റോഡ് കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി സിംഗൂരിൽ ഉദ്ഘാടനം ചെയ്ത പദ്ധതി ?
    - **പഥശ്രീ-രസ്തശ്രീ**
- അസോചമിന്റെ പുതിയ പ്രസിഡന്റായി ചുമതലയേറ്റ മുൻ സ്പൈസ് ജെറ്റ് മേധാവി ?
    - **അജയ് സിംഗ്**
    - **Associated Chambers of Commerce and Industry of India (ASSOCHAM)**
- 2023 മെയ് 1 മുതൽ ഹീറോ മോട്ടോകോർപ്പിന്റെ പുതിയ സിഇഒ ആയി നിയമിതനാവുന്നത് ?
    - **നിരഞ്ജൻ ഗുപ്ത**
- തുടർച്ചയായ രണ്ടാം വർഷവും നഗര വനവൽക്കരണത്തിൽ മികച്ച രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് 2022 ലെ ട്രീ സിറ്റി ഓഫ് ദി വേൾഡ് ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **മുംബൈ**
- ശ്രീനഗറിലെ-ലേയിൽ ഗഗാംഗീറിനെയും സോനാമാർഗിനെയും ബന്ധിപ്പിക്കുന്ന ഇസഡ്-മോർ തുരങ്കം ഉദ്ഘാടനം ചെയ്യുന്നത്?
    - **2023 ഏപ്രിൽ**
- ഇന്ത്യൻ നാവികസേനയുടെ പുതിയ ഉപമേധാവിയായി നിയമിതനായത് ?
    - **സഞ്ജയ് ജസ്ജിത് സിംഗ്**
- ഏതെല്ലാം നാവികത്താവളങ്ങളിൽ വിമാനയാർഡുകൾ നവീകരിക്കുന്നതിന് ആണ് സ്വകാര്യ സ്ഥാപനമായ അൾട്രാ ഡയമെൻഷൻസുമായി പ്രതിരോധമന്ത്രാലയം 470 കോടി ₹ യുടെ കരാറിൽ ഒപ്പുവെച്ചത് ?
    - **കൊച്ചി, ഗോവ**

- 1943-ൽ യുണൈറ്റഡ് കൊമേഴ്സ്യൽ ബാങ്ക് എന്ന പേരിൽ സ്ഥാപിതമായ ഏത് ബാങ്ക് ആണ് അടുത്തിടെ 80 വർഷം പൂർത്തിയാക്കിയത് ?
  - **യൂക്കോ ബാങ്ക്**
- 2023 മാർച്ചിൽ അന്തരിച്ച ചരിത്രവും സ്മരണയും സൃഷ്ടികളിൽ സന്നിവേശിപ്പിച്ച പ്രശസ്ത ഇൻസ്റ്റലേഷൻ കലാകാരൻ ആര് ?
  - **വിവാൻ സുന്ദരം**
- പ്രോജക്ട് എലിഫെന്റിന്റെ 30-ാം വാർഷികവുമായി ബന്ധപ്പെട്ട ഗജ ഉത്സവിന്റെ വേദി ?
  - **കാസിരംഗ ദേശീയോദ്യാനം (അസം)**
- ചന്ദ്രനിൽനിന്ന് ചൊവ്വയിലേക്ക് മനുഷ്യനെയെത്തിക്കാനുള്ള നാസയുടെ ദൗത്യം നയിക്കുന്ന ഇന്ത്യൻ വംശജൻ ?
  - **അമിത് ക്ഷത്രിയ**
- 2023 ആർട്ടൺ കാപ്പിറ്റൽ പാസ്പോർട്ട് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം ?
  - **144 (2022 ൽ 138)**
  - **യുഎഇ ആണ് ഒന്നാം സ്ഥാനത്ത്**
- യു.എസ്. വിദേശകാര്യ ഉപസെക്രട്ടറിയായി നിയമിതനായ ഇന്ത്യൻ വംശജനായ അഭിഭാഷകനും നയതന്ത്രജ്ഞനുമായ വ്യക്തി ?
  - **റിച്ചാർഡ് വർമ**
- 16-ാം സീസണിന്റെ ഉദ്ഘാടനമത്സരത്തിൽ ചെന്നൈ യെ തോല്പിച്ചത് ?
  - **ഗുജറാത്ത് ടൈറ്റൻസ്**
- ഐ.പി.എലിലെ ആദ്യ ഇംപാക്ട് പ്ലെയറായി കളത്തിലിറങ്ങിയത് ?
  - **തുഷാർ ദേശ്പാണ്ഡെ (ചെന്നൈ സൂപ്പർ കിംഗ്സ്)**
  - **അമ്പാട്ടി റായുഡുവിന് പകരക്കാരനായി.**
- ഫീൽഡിങ്ങിനിടെ പരിക്കേറ്റ കെയ്ൻ വില്യംസണ് പകരം ഗുജറാത്ത് ജയന്റ്സിനായി ഇംപാക്റ്റ് പ്ലെയർ ആയത് ?
  - **സായ് സുദർശൻ**
- മുംബൈ ഇന്ത്യൻസ് ടീമിൽ പരിക്കേറ്റ ജസ്പ്രീത് ബുംറയ്ക്ക് പകരം ടീമിൽ ഉൾപ്പെടുത്തിയ മലയാളി താരം ?
  - **സന്ദീപ് വാര്യർ**

- ഇന്ത്യൻ ആർച്ചറി ടീമിന്റെ സ്പോർട്സ് സൈക്കോളജിസ്റ്റായി തിരഞ്ഞെടുക്കപ്പെട്ട മലയാളി ?
  - **ഡോ. സോണി ജോൺ**
- ലോക അക്വാറ്റിക്സ് റഫറി പാനലിൽ വീണ്ടും നാമനിർദേശം ചെയ്യപ്പെട്ട മലയാളി ?
  - **എസ്. രാജീവ്**
- പ്ലേ ഓഫ് മത്സരം പൂർത്തിയാക്കാതെ കളം വിട്ട കേരള ബ്ലാസ്റ്റേഴ്സ് ടീമിന് പിഴയിട്ടത് ?
  - **4 Cr ₹**
  - **പരിശീലകൻ ഇവാൻ വുകോമാനോവിച്ചിന് പത്ത് മത്സരങ്ങളിൽ വിലക്ക്.**
- ഒഡീഷയിലെ റഗ്ബി സ്റ്റേഡിയത്തിന് ഏത് ബോളിവുഡ് താരത്തിന്റെ പേരാണ് നൽകിയിരിക്കുന്നത്?
  - **രാഹുൽ ബോസ്**
- ലണ്ടൻ ഒളിംപിക്സിൽ ഹർഡിൽസിൽ നേടിയ വെള്ളി മെഡൽ മാറ്റി സ്വർണ മെഡൽ ലഭിച്ചത് ?
  - **അമേരിക്കയുടെ ലാഷിൻഡ ഡെമുസിന്**
  - **അന്ന് സ്വർണം നേടിയ റഷ്യയുടെ നതാലിയ അന്റ്യൂക്കിന്റെ ഉത്തേജക ഉപയോഗം തെളിഞ്ഞതിനാൽ.**
- കരിങ്കൽ ഖനന ഭീഷണിനേരിടുന്ന കോട്ടൂർ പഞ്ചായത്തിലെ ചെങ്ങോടുമലയിൽ ഗവേഷകർ കണ്ടെത്തിയ പുതിയ ഇനം പല്ലിക്ക് നൽകിയ പേര് ?
  - **സിർട്ടോഡാക്ടൈലസ് ചെങ്ങോടുമലൻസ് അഥവാ ചെങ്ങോടുമല ഗെക്കൊയില്ല**
- ബെംഗളുരു രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ ഇന്ത്യൻ സിനിമകളുടെ മത്സര വിഭാഗത്തിൽ മികച്ച രണ്ടാമത്തെ ചിത്രമായി തെരഞ്ഞെടുക്കപ്പെട്ട മലയാള സിനിമ ?
  - **സൗദി വെള്ളക്ക**
  - **(സംവിധായകൻ : തരുൺ മൂർത്തി )**
- മലയാള സാഹിത്യത്തിന്റെ ആധുനിക പെണ്ണെഴുത്തു ചരിത്രത്തിലെ മുതിർന്ന എഴുത്തുകാരി 2023 മാർച്ച് 31 ന് അന്തരിച്ചു. പേര് ?
  - **സാറാ തോമസ്**
- സാറാ തോമസിന്റെ ആദ്യ നോവൽ ?
  - **ജീവിതമെന്ന നദി (1969)**

- സാറാ തോമസിന് 1979-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി ?
  - **നാർമടിപ്പുടവ**
- പി.എ.ബക്കറിന്റെ മണി മുഴക്കത്തിന് സംസ്ഥാന ചലച്ചിത്ര അവാർഡും മികച്ച പ്രാദേശിക ചലച്ചിത്രത്തിനുള്ള രജതകമലവും ലഭിച്ചു. ഇതിന് ആസ്പദമായ സാറാ തോമസിന്റെ കൃതി ?
  - **മുറിപ്പാടുകൾ**
- മറ്റു കൃതികൾ ?
  - **നോവൽ :: ദൈവമക്കൾ, ഉണ്ണിമായയുടെ കഥ, ഗ്രഹണം, നീലക്കുറിഞ്ഞികൾ ചുവക്കും നേരം, അഗ്നിശുദ്ധി,**
  - **കഥാസമാഹാരം :: സ്ത്രീപക്ഷ കഥകൾ, എന്റെ കണ്ണാന്തളിപ്പൂക്കൾ, തെളിയാത്ത കൈരേഖകൾ**
- ചലച്ചിത്രമാക്കിയ നോവലുകൾ ?
  - അസ്തമയം,പവിഴമുത്ത്, അർച്ചന, മുറിപ്പാടുകൾ

## APRIL 2

- ലോക ഓട്ടിസം ബോധവൽക്കരണ ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 2**
- യുഎസ് റിസർച്ച് ലാബായ ഓപ്പൺഎഐയുടെ ചാറ്റ് ജിപിടി ക്ക് ബദലായി ചൈനീസ് സെർച്ച് എൻജിൻ ബെയ്ദു അവതരിപ്പിച്ച ചാറ്റ് ബോട്ട് ?
  - **Ernie Bot**
- സുരക്ഷാപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ചാറ്റ് ജിപിടി ക്ക് നിരോധനം ഏർപ്പെടുത്തിയ ആദ്യ യൂറോപ്യൻ രാജ്യം ?
  - **ഇറ്റലി**
  - **ചൈന, റഷ്യ, ഇറാൻ, ഉത്തരകൊറിയ എന്നീ രാജ്യങ്ങൾ നേരത്തെ തന്നെ നിരോധിച്ചു.**
- ആദ്യ മൊബൈൽ ഫോണിന് നാളെ 50 വയസ്സ്. മൊബൈൽ ഫോൺ സൃഷ്ടിച്ചത് ?
  - **1973 ഏപ്രിൽ 3, മാർട്ടിൻ കൂപ്പർ**
- ഏത് രാജ്യം നാറ്റോയിൽ അംഗമാകുമെന്നാണ് നാറ്റോ മേധാവി ജെൻസ് സ്റ്റോൾട്ടൻബെർഗ് അറിയിച്ചത് ?
  - **ഫിൻലൻഡ് ( 31ആമത് അംഗം. )**

- സ്വിറ്റ്സർലന്റിലെ ഏറ്റവും വലിയ ബാങ്കായ യു.ബി.എസ്സിന്റെ സി.ഇ.ഒ. ആയി നിയമിതനാകുന്നത് ?
  - **സെർജിയോ എർമൊട്ടി**
- ചെടികൾക്ക് സംസാരശേഷിയുണ്ടെന്നും സമ്മർദത്തിലാകുന്ന സമയത്ത് അതിന്റെ തീവ്രത കൂടുതലാണെന്നും കണ്ടെത്തിയത് ?
  - **ഇസ്രായേലിലെ ടെൽ അവീവ് സർവകലാശാലാ ഗവേഷകർ**
  - **ചെടികൾ പുറപ്പെടുവിക്കുന്ന ശബ്ദം ഗവേഷകർ റെക്കോഡ് ചെയ്തു. പോപ്പ്കോൺ പൊട്ടുമ്പോഴുണ്ടാകുന്ന ശബ്ദത്തിനു സമാനമാണിതെന്ന് ശാസ്ത്രജ്ഞർ പറയുന്നു. മനുഷ്യൻ സംസാരിക്കുന്ന ശബ്ദവുമായി ഇതിനു സാമ്യമുണ്ട്. പക്ഷേ, ഉയർന്ന ആവൃത്തിയുള്ളതിനാൽ മനുഷ്യന്റെ ശ്രവണപരിധിക്കപ്പുറത്തുള്ള ഈ ശബ്ദം കേൾക്കാൻ കഴിയില്ല.**
- 'സെൽ' എന്ന ശാസ്ത്രജേണലിൽ പ്രസിദ്ധീകരിച്ച ഈ കണ്ടെത്തൽ നടത്തിയത് ?
  - **പ്ലാന്റ് സയൻസ് ആൻഡ് ഫുഡ് ടെക്നോളജി പ്രൊഫ. ലിലാച്ച് ഹദാനി, പ്രൊഫ. യോസി യോവൽ**
- അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ ഡയറക്ടർ ജനറലായി വീണ്ടും നിയമിതനായത് ?
  - **റാഫേൽ മരിയാനോ ഗ്രോസ്സി**
- സാങ്കേതിക സർവകലാശാല (KTU) താൽകാലിക വൈസ്ചാൻസലറായി ചുമതലയേൽക്കുന്ന ഡിജിറ്റൽ സർവകലാശാല വിസി ?
  - **ഡോ. സജി ഗോപിനാഥ്**
- റബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായത് ?
  - **എം. വസന്തഗേശൻ**
- നോവൽ എഴുതിയതിന്റെ പേരിലുണ്ടായ പരാതിയെത്തുടർന്ന് 3 വർഷം കൂടി സർവീസ് ഉള്ളപ്പോൾ സ്വയം വിരമിച്ച ആലപ്പുഴ കുടുംബക്കോടതിയിലെ സീനിയർ ക്ലാർക്ക് ?
  - **സാഹിത്യകാരൻ ഫ്രാൻസിസ് നൊറോണ**
  - **പുതിയ നോവൽ "മാസ്റ്റർപീസി'നെ സംബന്ധിച്ചാണു പരാതിയുണ്ടായത്.**

- വൈക്കം സത്യഗ്രഹ ശതാബ്ദി ആഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങ് നടത്തിയത് ?
  - **കേരള മുഖ്യമന്ത്രി പിണറായി വിജയനും തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിനും ചേർന്ന്**
- കേരള ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകനും ഭാരതീയ അഭിഭാഷക പരിഷത്തിന്റെ സ്ഥാപക പ്രസിഡന്റുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **ഗോവിന്ദ് കെ. ഭരതൻ(84)**
- വേമ്പനാട്, അഷ്ടമുടി കായലുകളിലെ മലിനീകരണം തടയാൻ നടപടിയെടുക്കാത്തതിന് സംസ്ഥാന സർക്കാരിനു പത്തുകോടി ₹ പിഴയിട്ടത് ?
  - **ദേശീയ ഹരിത ട്രൈബ്യൂണൽ**
- നാവികസേനാ ആസ്ഥാനത്ത് നേവൽ ഓപ്പറേഷൻസ് ഡയറക്ടർ ജനറലായി നിയമിതനായത് ?
  - **വൈസ് അഡ്മിറൽ അതുൽ ആനന്ദ്**
- ഭോപ്പാൽ-ന്യൂഡൽഹി വന്ദേഭാരത് എക്സ്പ്രസ് റാണി കമലാപതി റെയിൽവേ സ്റ്റേഷനിൽ ഫ്ലാഗ് ഓഫ് ചെയ്തത് ?
  - **2023 ഏപ്രിൽ 1 ന്, നരേന്ദ്രമോദി**
- കോൺഗ്രസ് നേതാവും മുൻ ക്രിക്കറ്റ് താരവുമായ അടുത്തിടെ ജയിൽ മോചിതനായ വ്യക്തി ?
  - **നവജ്യോത് സിങ് സിദ്ദു**
- ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ക്രിക്കറ്റ് സ്റ്റേഡിയം ആരുടെ പേരിൽ ആണ് ജയ്പൂരിൽ സ്ഥാപിതമാകുന്നത് ?
  - **അനിൽ അഗർവാൾ, വേദാന്ത ഗ്രൂപ്പ്**
- സസ്യങ്ങളെ ബാധിക്കുന്ന മാരകമായ ഫംഗസ് മനുഷ്യരിലേക്കും പടരാമെന്നതിന്റെ ആദ്യ ഉദാഹരണം കണ്ടെത്തിയത് ?
  - **കൊൽക്കത്തയിൽ**
  - **കുമിൾവർഗങ്ങളെയും പൂപ്പലിനെയുമൊക്കെപ്പറ്റി പഠിക്കുന്ന ശാസ്ത്രജ്ഞനിലാണ് (മൈക്കോളജിസ്റ്റ്) ഫംഗസ് ബാധ കണ്ടെത്തിയത്.**
- അടുത്തിടെ പ്രകാശനം ചെയ്ത War and Women എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **ഡോ. എം. എ. ഹസൻ**

- അടുത്തിടെ 100 മില്യൺ ഡോളർ വായ്പ നൽകാൻ ലോകബാങ്ക് തീരുമാനിച്ചത് ഏത് ഇന്ത്യൻ സംസ്ഥാനത്തിനാണ് ?
  - **ഒഡീഷ**
- ISRO യുടെ പിഎസ്എൽവിയിൽ വിക്ഷേപിക്കുന്ന Proba-3 mission ഏത് ബഹിരാകാശ ഏജൻസിയുടേതാണ് ?
  - **യൂറോപ്യൻ സ്പേസ് ഏജൻസി**
- സിംഗപ്പൂർ താരം യോ ജിയ മിന്നിനെ പൊരുതിത്തോൽപിച്ച് സ്പെയിൻ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ഫൈനലിൽ കടന്ന ഇന്ത്യൻ താരം ?
  - **പി. വി. സിന്ധു**
  - **കോമൺ വെൽത്ത് ഗെയിംസിനു ശേഷമുള്ള സിന്ധുവിന്റെ ആദ്യ ഫൈനലാണിത്.**
- ഫൈനലിൽ സിന്ധുവിന്റെ എതിരാളി ?
  - **ഇന്തൊനേഷ്യയുടെ ഗ്രിഗോറിയ ടുൻജങ്ങ്**
- വിമ്പിൾഡൻ ടെന്നീസ് സംഘാടകർ വിലക്ക് നീക്കിയത് ഏതെല്ലാം രാജ്യങ്ങളുടേതാണ്
  - **റഷ്യ, ബെലാറസ്**
  - **എന്നാലും നിഷ്പക്ഷ താരങ്ങൾ ആയിട്ടായിരിക്കും മത്സരിക്കാൻ കഴിയുക.**
- 16-ആം IPL സീസണിലെ ആദ്യ 5 വിക്കറ്റ് നേട്ടം കൈവരിച്ച ലക്നൗവിന്റെ ഇംഗ്ലീഷ് താരം ?
  - **മാർക് വുഡ്**
  - **കരിയറിലെ രണ്ടാം ഐപിഎൽ മത്സരത്തിൽ ആണ് 14 റൺസ് മാത്രം വഴങ്ങി ഡൽഹിയുടെ 5 വിക്കറ്റുകൾ മാർക് വുഡ് വീഴ്ത്തിയത്.**

## APRIL 3

- ഭൗമസൂചികാ പദവി(GI Tag) ലഭിച്ച ഊട്ടിയുടെ ബേക്കറി പലഹാരം ?
  - **ഊട്ടി വർക്കി**
- കേന്ദ്ര സാഹിത്യ അക്കാദമിയുടെ മലയാളം വിഭാഗം ഉപദേശക സമിതി കൺവീനറായി തിരഞ്ഞെടുത്തത് ആരെയാണ് ?
  - **കെ. പി. രാമനുണ്ണി**
- കേരള സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസറായി നിയമിതയായത് ?
  - **സുചിത്ര പ്യാരേലാൽ**

- ഏകാരോഗ്യരംഗത്തെ ഗവേഷണങ്ങൾക്കായി 25 കോടി ₹ യുടെ യു.എസ്. ഗ്രാന്റ് ലഭിച്ച മലയാളി ശാസ്ത്രജ്ഞൻ ?
  - **ഡോ. ഷാൻകുമാർ മൂയോത്ത്**
  - **ഇവല്യൂഷൻ ആൻഡ് ഇക്കോളജി ഓഫ് ഇൻഫെക്ഷ്യസ് ഡിസീസസ് (EEID) എന്ന അന്താരാഷ്ട്ര ബൃഹദ്ഗവേഷണപദ്ധതിയുടെ ഭാഗമായാണ് ഗ്രാന്റ് ലഭിച്ചത്.**
- ഫ്രീഡം കെയർ എന്ന പേരിൽ സാനിറ്ററി നാപ്കിൻ വിപണിയിലെത്തിച്ച കേരളത്തിലെ ആദ്യ ജയിൽ ആയത് ?
  - **കാക്കനാട് ജയിൽ, എറണാകുളം**
- അർബുദത്തെ നേരത്തെ തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കപ്പെടുന്ന പദ്ധതി ?
  - **ക്യാൻസർ കെയർ സ്യൂട്ട്**
- 100% വൈദ്യുതീകരിച്ച റെയിൽവേ ശൃംഖലയുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനം ആയത് ?
  - **ഹരിയാന**
- കര, നാവിക, വ്യോമസേനകളിലെ ഉന്നത കമാൻഡർമാരുടെ ത്രിദിന സമ്മേളനം നടന്ന വേദി ?
  - **ഭോപ്പാൽ, മധ്യപ്രദേശ്**
- നിലവിൽ വന്നിട്ട് 50 വർഷം പൂർത്തിയാക്കിയ കർണാടകയിലെ ടൈഗർ റിസർവ് ?
  - **ബന്ദിപ്പൂർ**
  - **പ്രോജക്ട് ടൈഗർ റിസർവ് നിലവിൽ വന്നത് :: 1973 ഏപ്രിൽ 1**
- പ്രഥമ രാജ്യാന്തര ക്വാണ്ടം കമ്മ്യൂണിക്കേഷൻ കോൺക്ലേവിന്റെ വേദിയായത് ?
  - **ന്യൂഡൽഹി**
- മഹാരാഷ്ട്ര ടൂറിസം വകുപ്പ് "വി.ഡി.സവർക്കർ തീം പാർക്ക് ' നിർമിക്കുന്നത് എവിടെയാണ് ?
  - **നാസിക്കിലെ ഭാഗൂർ ഗ്രാമത്തിൽ**
- ബഹിരാകാശ വാഹനത്തെ ഹെലികോപ്റ്ററിൽ ഉയർത്തിയ ശേഷം റൺവേയിൽ സ്വമേധയാ ലാൻഡിങ് നടത്തിച്ച ആദ്യ രാജ്യം ആയത് ?
  - **ഇന്ത്യ**

- പുനരുപയോഗിക്കാവുന്ന വിക്ഷേപണ വാഹനത്തിന്റെ (ആർ.എൽ.വി.) സ്വയംനിയന്ത്രിത ലാൻഡിങ് പരീക്ഷണം സമ്പൂർണ വിജയം. പരീക്ഷണം നടത്തിയത്
    - **കർണാടകത്തിലെ ചിത്രദുർഗ ജില്ലയിലെ ചല്ലക്കെരെ എയ്റോനോട്ടിക്കൽ ടെസ്റ്റ് റേഞ്ചിൽ ഇന്ത്യൻ വ്യോമസേനയുടെയും ഡി.ആർ.ഡി.ഒ. യുടെയും സഹകരണത്തോടെ.**
    - **ചിനൂക്ക് ഹെലികോപ്റ്ററാണ് ഉപയോഗിച്ചത്.**
- അടുത്തിടെ ഇന്ത്യ സന്ദർശിക്കാൻ ഒരുങ്ങുന്ന ഭൂട്ടാൻ രാജാവ് ?
    - **ജിഗ്മെ ഖേസർ നാംഗ്യേൽ വാങ്ചുക്ക്**
- ലോകത്തിലെ ഏറ്റവും വലിയ ഒഴുകുന്ന പുസ്തക മേള സംഘടിപ്പിച്ച രാജ്യം ?
    - **ഇറാഖ്**
- ഇലക്ട്രോണി ക് സംഗീതത്തിന്റെ മാർഗദർശിയും ഓസ്കർ ജേതാവുമായ ജാപ്പനീസ് സംഗീത സംവിധായകൻ അന്തരിച്ചു. പേര് ?
    - **രൂയിച്ചി സാകാമോത്തോ (71)**
    - **യെല്ലോ മാജിക് ഓർകസ്ട്ര എന്ന സംഗീത ബാൻഡിന്റെ സഹസ്ഥാപകൻ ആണ്.**
    - **ദ ലാസ്റ്റ് എംപററിലെ സംഗീതമാണ് ഓസ്കർ പുരസ്കാരം നേടിക്കൊടുത്തത്.**
- പി. വി. സിന്ധു വിന് മഡ്രിഡ് സ്പെയിൻ മാസ്റ്റേഴ്സ് ബാഡ്മിന്റണിന്റെ ഫൈനലിൽ തോൽവി. വിജയിച്ചത് ?
    - **ഇൻഡൊനീഷ്യൻ താരം ഗ്രിഗോറിയ ടുൻജങ്ങ്**
- 1973ൽ പ്രശസ്ത നടി പർവീൺ ബാബിക്കൊപ്പം 'ചരിത്ര' എന്ന സിനിമയിൽ അഭിനയിച്ച, അഫ്ഗാനിസ്ഥാൻ വംശജനായ മുൻ ഇന്ത്യൻ ക്രിക്കറ്റർ അന്തരിച്ചു. പേര് ?
    - **സലിം ദുറാനി (88)**
    - **ഇന്ത്യയ്ക്കു വേണ്ടി 29 ടെസ്റ്റുകൾ മാത്രമേ കളിച്ചിട്ടുള്ളൂ എങ്കിലും ആരാധകരുടെ പ്രിയതാരമായിരുന്നു 'പ്രിൻസ് സലിം' എന്നറിയപ്പെട്ടിരുന്ന ദുറാനി.**
    - **അർജുന പുരസ്കാരം നേടിയ ആദ്യ ക്രിക്കറ്ററുമാണ് ഇദ്ദേഹം.**
- IPLൽ ഒരു ടീമിനായി (രാജസ്ഥാൻ) 3 മലയാളി താരങ്ങൾ(സഞ്ജു സാംസൺ,ദേവദത്ത് പടിക്കൽ, കെ.എം.ആസിഫ്) കളത്തിലിറങ്ങിയ അപൂർവത സംഭവിച്ചത് ?
    - **രാജസ്ഥാൻ-ഹൈദരാബാദ് മത്സരത്തിൽ.**

- ടി20 ക്രിക്കറ്റിൽ 300 വിക്കറ്റ് തികയ്ക്കുന്ന ആദ്യ ഇന്ത്യൻ ബൗളറായത് ?
  - **യുസ്വേന്ദ്ര ചാഹൽ**
- ഫോർമുലവൺ ഓസ്ട്രേലിയൻ ഗ്രാൻപ്രീയിൽ ജേതാവായത് ?
  - **മാക്സ് വെസ്റ്റപ്പൻ**
- ബെംഗളൂരു എഫ്സിക്കെതിരായ ഐഎസ്എൽ പ്ലേ ഓഫ് മത്സരത്തിനിടെയുണ്ടായ സംഭവങ്ങളിൽ ഖേദം പ്രകടിപ്പിച്ചത് ?
  - **കേരള ബ്ലാസ്റ്റേഴ്സ്**

## APRIL 4

- International Day for Mine Awareness ആചരിക്കുന്നത് ?
  - **ഏപ്രിൽ 4 (2023 ലെ പ്രമേയം :: Mine Action Cannot Wait )**
- കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയുടെ കീഴിൽ (കുഫോസ്)സംസ്ഥാനത്തെ രണ്ടാമത്തെ ഫിഷറീസ് കോളേജ് നിലവിൽ വരുന്നത് ?
  - **പയ്യന്നൂർ (കണ്ണൂർ) (1. പനങ്ങാട് (എറണാകുളം) )**
- കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ചോല നായ്ക്കർ മൂപ്പൻ കരിമ്പുഴ മാതന്റെ ഓർമ്മയ്ക്കു വനം വകുപ്പ് പ്രതിമ സ്ഥാപിച്ചത് ?
  - **വയനാട്**
- ബെംഗളൂരു രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ കർണാടക ചലച്ചിത്ര അക്കാദമിയുടെ പ്രത്യേക പരാമർശം ലഭിച്ച ആൾക്കൂട്ട ആക്രമണത്തിൽ കൊല്ലപ്പെട്ട അട്ടപ്പാടിയിലെ മധുവിന്റെ കഥ പറഞ്ഞ ചലച്ചിത്രം ?
  - **ആദിവാസി ദി ബ്ലാക്ക് ഡെത്ത്**
- തിരുവനന്തപുരം ആസ്ഥാനമായ ട്രാവൻകൂർ നേചർ ഹിസ്റ്ററി സൊസൈറ്റിയിലെ റിസർച്ച് അസോസിയേറ്റ് ഡോ. കലേഷ് സദാശിവന്റെ നേതൃത്വത്തിൽ കണ്ടെത്തിയ ചിത്രശലഭം ?
  - **കായൽ ശരശലഭം**
  - **ഹെസ്പെരിഡേ (തുള്ളൻശലഭം) കുടുംബത്തിലെ അംഗമാണ് കായൽ ശരശലഭം (സഹ്യാദ്രി ബ്രോമസ് സ്വിഫ്റ്റ്), 'കൽട്ടോറിസ് ബ്രോമസ് സദാശിവ' എന്നാണ് ശാസ്ത്രനാമം.**
- ഇടുക്കിയിലെ നരിയംപാറ, പാലക്കാട് നെല്ലിയാമ്പതി എന്നിവിടങ്ങളിൽ നിന്ന് കണ്ടെത്തിയ നിശാശലഭ കുടുംബമായ സൈക്കിഡേയിൽ നിന്ന് പുതിയ ഇനം ശലഭം ?
  - **കാപ്പുലോസൈക്കെ കേരളൻസിസ്**

- സൗഹൃദ സാംസ്കാരിക വേദിയുടെ അഞ്ചാമത് സൗഹൃദ സാഹിത്യ പുരസ്ക്കാരം ലഭിച്ചത് ?
    - **ഒ. കെ. ജോണി (കാവേരിയോടൊപ്പം എന്റെ യാത്രകൾ എന്ന പുസ്തകത്തിനാണ് അവാർഡ്. )**
    - **15,000 ₹യും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം.**
- ഛത്തീസ്ഗഡ്,ആന്ധ്ര, തെലങ്കാന, കൊൽക്കത്ത ഹൈക്കോടതികളിൽ ചീഫ് ജസ്റ്റിസും കേരള ഹൈക്കോടതി ആക്ടിങ് ചീഫ് ജസ്റ്റിസും ആയിരുന്ന വ്യക്തി അന്തരിച്ചു. പേര് ?
    - **ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ**
    - **കൊൽക്കത്ത ഹൈക്കോടതി ചീഫ് ജസ്റ്റിസ് പദവിയിൽ നിന്ന് 2021 ഏപ്രിലിലാണ് വിരമിച്ചത്.**
- പവർ ട്രേഡിംഗ് കോർപ്പറേഷന്റെ സി.എം.ഡിയായി നിയമിതനായത് ?
    - **രാജിബ് കെ. മിശ്ര**
- റിസർവ് ബാങ്കിന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായത് ?
    - **നീരജ് നിഗം**
- അമേരിക്കൻ യൂറോളജിക്കൽ അസോസിയേഷന്റെ (AUA) യങ് യൂറോളജിസ്റ്റ് ഓഫ് ദ ഇയർ ബഹുമതി നേടിയ കേരളത്തിൽ വേരുകളുള്ള വനിത?
    - **ഡോ. നിത്യാ എബ്രഹാം**
- ഇസ്രയേലിലെ ഹൈഫ തുറമുഖ കമ്പനിയുടെ (എച്ച്. പി.സി.) എക്സിക്യൂട്ടീവ് ചെയർമാനായ 2018-21ൽ ഇന്ത്യയിലെ ഇസ്രയേൽ മുൻ സ്ഥാനപതി ആയിരുന്ന വ്യക്തി
    - **റോൺ മൽക്ക**
- ഐക്യരാഷ്ട്ര സഭ രക്ഷാസമിതിയുടെ ഏപ്രിൽ മാസത്തെ അധ്യക്ഷ പദവി ഏറ്റെടുത്ത രാജ്യം ?
    - **റഷ്യ**
- ഹിമാചൽ പ്രദേശിലെ പരമ്പരാഗത വസ്ത്രമായ ലുവാനചാരി (Luanchari) ധരിച്ച് ആഫ്രിക്കയിലെ കിളിമഞ്ചാരോ പർവ്വതം കീഴടക്കിയ ആദ്യ ഇന്ത്യൻ വനിത ?
    - **അഞ്ജലി ശർമ്മ, ഹിമാചൽ പ്രദേശ്**
- പുതുച്ചേരിയിലെ കാരക്കൽ തുറമുഖം ഏറ്റെടുക്കുന്നത് ?
    - **അദാനി ഗ്രൂപ്പ്**
- അടുത്തിടെ ഒഫെക്-13 (ofek-13) ചാര ഉപഗ്രഹം ഭ്രമണപഥത്തിലേക്ക് വിക്ഷേപിച്ചത് ?
    - **ഇസ്രായേൽ**

- ഇന്ത്യ, ശ്രീലങ്ക പത്താമത് ഉഭയകക്ഷി മാരിടൈം അഭ്യാസം SLINEX-2023 നടക്കുന്നത് ?
  - **കൊളംബോയിൽ (ഏപ്രിൽ 3-8 )**
  - **ഇന്ത്യൻ നാവികസേനയെ പ്രതിനിധീകരിച്ച് ഐഎൻഎസ് കിൽത്താൻ, ഐഎൻഎസ് സാവിത്രി എന്നിവയും ശ്രീലങ്കയുടെ നാവികസേനയിൽ നിന്ന് എസ്എൽഎൻഎസ് വിജയബാഹുവും എസ്എൽഎൻഎസ് സമുദ്ര യും പങ്കെടുക്കുന്നു.**
- പോളണ്ടിൽ നടന്ന 2023 ലോക മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് ഇൻഡോർ ചാമ്പ്യൻഷിപ്പിൽ മൂന്ന് സ്വർണം നേടിയ ഹരിയാനയിൽ നിന്നുള്ള വെറ്ററൻ അത്‌ലറ്റ് ?
  - **ഭഗവാനി ദേവി ദാഗർ(94 വയസ്)**
  - **60 മീറ്റർ ഓട്ടം, ഷോട്ട്പുട്ട്, ഡിസ്കസ് ത്രോ വിഭാഗങ്ങളിലാണ് മൂന്ന് സ്വർണം നേടിയത്.**
- അടുത്തിടെ 5000 ഐപിഎൽ റൺസ് എന്ന നേട്ടം കൈവരിച്ചത് ?
  - **എം. എസ്. ധോണി**
- സ്പാനിഷ് താരം കാർലോസ് അൽക്കാരസിനെ പിന്തള്ളി പുരുഷ ടെന്നീസ് റാങ്കിങ്ങിൽ ഒന്നാമതെത്തിയത് ?
  - **നൊവാക് ജോക്കോവിച്ച്**

## APRIL 5

- നാഷണൽ മാരിടൈം ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 5**
- ഏറ്റവും ഉയർന്ന ഫ്രഞ്ച് സിവിലിയൻ അവാർഡ് ആയ 'നൈറ്റ് ഓഫ് ദി ലെജിയൻ ഓഫ് ഓണർ' ലഭിച്ചത് ?
  - **കിരൺ നാടാർ**
  - **എച്ച്സിഎൽ ടെക്നോളജീസിന്റെ സ്ഥാപകനായ ശിവ് നാടാറിന്റെ ഭാര്യ.**
- ലോകത്തിലെ ആദ്യത്തെ ദ്രാവക ഹൈഡ്രജൻ ഫെറി പ്രവർത്തനം ആരംഭിച്ചത്, പേര്
  - **2023 ഏപ്രിൽ 04-ന് നോർവേയിൽ,**
  - **എംഎഫ് ഹൈഡ്ര**
- ട്വിറ്ററിന്റെ ക്ലാസിക് ബ്ലൂ ബേർഡ് ലോഗോയ്ക്ക് പകരം ഏത് ക്രിപ്റ്റോകറൻസിയുടെ ലോഗോ ആണ് ഡെസ്ക്ടോപ്പ് വെർഷനിൽ ഉൾപ്പെടുത്തിയത് ?
  - **Dogecoin**

- നാറ്റോയുടെ 75-ാം വാർഷിക ദിനത്തിൽ അംഗത്വം നേടിയ രാജ്യം ?
  - **ഫിൻലൻഡ്**
- നാസയുടെ ആർട്ടിമെസ്-2 ചാന്ദ്രദൗത്യത്തിന്റെ ഭാഗമായി ചന്ദ്രനിൽ പോകുന്നത് ആരെല്ലാം ?
  - **വിക്ടർ ഗ്രോവർ, ജെറെമി ഹാൻസൻ,ക്രിസ്റ്റീന കോച്ച്, റീഡ് വൈസ്മൻ**
- ചാന്ദ്രദൗത്യത്തിന്റെ ഭാഗമാകുന്ന ആഫ്രോ- അമേരിക്കൻ വംശജൻ ?
  - **വിക്ടർ ഗ്രോവർ**
- ചാന്ദ്രദൗത്യത്തിന്റെ ഭാഗമാകുന്ന വനിത?
  - **ക്രിസ്റ്റീന കോച്ച്**
- അടുത്തിടെ വാട്ട്സ്ആപ്പുമായി ചേർന്നുള്ള ബാങ്കിംഗ് സേവനങ്ങൾക്ക് ന്യൂഡൽഹിയിൽ തുടക്കം കുറിച്ചത് ?
  - **ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക്**
- 2024 സാമ്പത്തിക വർഷത്തിൽ(FY 24) ഇന്ത്യയുടെ ജിഡിപി വളർച്ച 6.3% ആകുമെന്ന് പ്രവചിച്ചത് ?
  - **ലോകബാങ്ക്**
- 3rd generation man-portable Anti-Tank Guided Missile (ATGM) ആയ Amogha-III ഫീൽഡ് ഫയറിംഗ് പരീക്ഷണം വിജയകരമായി നടത്തിയത് ?
  - **ഭാരത് ഡൈനാമിക്സ് ലിമിറ്റഡ്**
  - **ഇന്റഗ്രേറ്റഡ് ഗൈഡഡ് മിസൈൽ ഡെവലപ്മെന്റ് പ്രോഗ്രാമിന് (IGMDP) കീഴിൽ വികസിപ്പിച്ചെടുത്ത തദ്ദേശീയ മിസൈലാണ് അമോഘ-III.**
- കുനോ ദേശീയോദ്യാനത്തിൽ നിന്ന് അടുത്തുള്ള ഗ്രാമത്തിലേക്ക് കടന്ന ചീറ്റപ്പുലി ?
  - **ഒബാൻ**
- രാജ്യത്ത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ എണ്ണത്തിൽ ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിലൊന്നായത് ?
  - **കേരളം**
- അട്ടപ്പാടിയിലെ ആദിവാസി യുവാവ് മധുവിനെ ആൾക്കൂട്ടം ആക്രമിച്ച് കൊലപ്പെടുത്തിയ കേസിലെ 16 പ്രതികളിൽ 14 പേർ കുറ്റക്കാരെന്ന് കോടതി. വിധി പ്രസ്താവിച്ച കോടതി ?
  - **മണ്ണാർക്കാട് പട്ടികജാതി-വർഗ പ്രത്യേക ജില്ലാ കോടതി**

- 13 പ്രതികൾക്കെതിരേ ജഡ്ജി ചുമത്തിയ ആസൂത്രിതമല്ലാത്ത നരഹത്യയുടെ വകുപ്പ് ?
  - **ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304(2)**
- വൈദ്യുതി തടസ്സം മുതൽ ബില്ലടയ്ക്കാനുള്ള പ്രശ്നങ്ങൾവരെ പരാതിപ്പെടാൻ കെ.എസ്.ഇ.ബി.യിൽ ആരംഭിച്ച പുതിയ സംവിധാനം ?
  - **ക്ലൗഡ് ടെലിഫോണി**
- അടുത്തിടെ അന്തരിച്ച 1972-ലെ മിച്ചഭൂമി സമരസേനാനി ?
  - **പൂജപ്പുര സാംബൻ**
- സ്ത്രീകളുടെ സ്വയരക്ഷയ്ക്കും ആത്മവിശ്വാസം വർധിപ്പിക്കുന്നതിനുമായി കുടുംബശ്രീയും സ്പോർട്സ് കേരള ഫൗണ്ടേഷനും സംയുക്തമായി ആരംഭിച്ച പദ്ധതി ?
  - **ധീരം**
- സാമൂഹിക നീതിക്കായി പ്രവർത്തിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കും വൈക്കം പുരസ്കാരം ഏർപ്പെടുത്തുന്ന സംസ്ഥാനം ?
  - **തമിഴ്നാട്**
- ഇന്ത്യയിലെ ആദ്യത്തെ അസിസ്റ്റഡ് റിയാലിറ്റി ആംബുലൻസും കേരളത്തിലെ ആദ്യ 5G എനേബിൾഡ് ലൈവ് ആംബുലൻസുമായ അപ്പോക്ക് നു രൂപം നൽകിയ സ്റ്റാർട്ടപ്പ് കമ്പനി ?
  - **അപ്പോത്തിക്കിരി**
- 2023-ലെ അണ്ടർ 20 ഫുട്ബോൾ ലോകകപ്പിന് വേദിയാകുന്ന രാജ്യം ?
  - **അർജന്റീന**
- രണ്ടുവട്ടം കോമൺവെൽത്ത് ചാമ്പ്യനായ ഏത് ഇന്ത്യൻ ഭാരോദ്വഹന താരത്തെയാണ് ഉത്തേജക മരുന്ന് പരിശോധനയിൽ പരാജയപ്പെട്ടതിനെ തുടർന്ന് 4 വർഷം വിലക്കിയത് ?
  - **സൻജിത ചാനു**

## APRIL 6

- കൊച്ചിക്കായലിൽ പ്രവർത്തനം ആരംഭിച്ച കേരളത്തിലെ ആദ്യ സൗരോർജ വിനോദ സഞ്ചാരയാനം ?
  - **സൂര്യാംശു**
  - **ശ്രീലങ്കയിലെ സൊലാസ് മറൈൻ ലങ്ക പ്രൈവറ്റ് ലിമിറ്റഡ് എന്ന കപ്പൽ നിർമാണ സ്ഥാപനമാണ് സൂര്യാംശു നിർമിച്ചത്.**

- സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട്, രണ്ടാമത് ജി-20 എംപവർ യോഗം കോവളത്ത് തുടങ്ങി. രണ്ടുദിവസത്തെ യോഗം ഉദ്ഘാടനം ചെയ്തത് ?
    - **കേന്ദ്ര സഹ മന്ത്രി ഡോ. മുജ്ഞ്പര മഹേന്ദ്രഭായി**
- ജി 20 രാജ്യങ്ങളുടെ രണ്ടാമതു വികസന വർക്കിങ് ഗ്രൂപ്പ് (DWG) യോഗം നടക്കുന്നത് ?
    - **കുമരകം**
- സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനു കീഴിലുള്ള ചേർത്തല പള്ളിപ്പുറം മെഗാ ഫുഡ് പാർക്ക് ഉദ്ഘാടനം ചെയ്യുന്നത് എവിടെ, ആര് ??
    - **പള്ളിപ്പുറം ആലപ്പുഴ ജില്ല, മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര ഭക്ഷ്യ-സംസ്കരണ വ്യവസായമന്ത്രി പശുപതി കുമാർ പരശും സംയുക്തമായി**
    - **2023 ഏപ്രിൽ 11 ന്**
- വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി മന്നത്ത് പത്മനാഭന്റെ 12 അടി വെങ്കല പ്രതിമ അനാച്ഛാദനം ചെയ്യുന്നതെവിടെ ?
    - **ശാസ്തമംഗലം (തിരുവനന്തപുരം)**
- കവിളിനുള്ളിലെ തൊലിയിൽ നിന്ന് കൃത്രിമ മൂത്രനാളി (ബക്കൽ മ്യൂകോസാ) നിർമ്മിച്ച് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ കേരളത്തിലെ ആദ്യ മെഡിക്കൽ കോളേജ് ?
    - **തിരുവനന്തപുരം മെഡിക്കൽ കോളേജ്**
- ആലപ്പുഴ-കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിൽ യാത്രക്കാരുടെ ദേഹത്ത് പെട്രോളൊഴിച്ച് തീവെച്ച സംഭവത്തിലെ പ്രതിയെ മൂന്നാം നാൾ മഹാരാഷ്ട്രയിൽ നിന്ന് പിടിച്ചു. പേര് ?
    - **ഷാരൂഖ് സെയ്ഫി(27)**
- ലോകത്തെ അതി സമ്പന്നരുടെ ഫോബ്സ് പട്ടികയിൽ ഏറ്റവും സമ്പന്നനായ മലയാളി ?
    - **എം. എ. യൂസഫലി**
- ലോകത്തെ അതി സമ്പന്നരുടെ ഫോബ്സ് പട്ടികയിൽ ഏറ്റവും സമ്പന്നനായ വ്യക്തി ?
    - **ബെർണാഡ് അർനോൾഡ് ( 2. എലോൺ മസ്ക്, 3. ജെഫ് ബെസോസ് )**
    - **ഇന്ത്യയിൽ 1. മുകേഷ് അംബാനി .**
- നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിലാദ്യമായി ക്ലോണിംഗിലൂടെ വികസിപ്പിച്ചെടുത്ത ഗിർ ഇനത്തിൽപെട്ട പശു?
    - **ഗംഗ**

- ഇന്ത്യയിലെ ആദ്യമായി ചൂടിന്റെ ആഘാതം കുറയ്ക്കാൻ കൂൾ റൂഫ് പോളിസി 2023-2028 അവതരിപ്പിച്ച സംസ്ഥാനം ?
    - **തെലങ്കാന**
- 3D പ്രിന്റഡ് ക്രയോജനിക് എഞ്ചിൻ വിജയകരമായി പരീക്ഷിച്ചത് ?
    - **സ്കൈറൂട്ട് എയറോസ്പേസ്**
- ഏത് രാജ്യത്തിന്റെ 13 ആമത്തെ പഞ്ചവത്സര പദ്ധതിയുമായാണ് ഇന്ത്യ സഹകരിക്കുക ?
    - **ഭൂട്ടാൻ**
- എം.പി. എന്നനിലയിലുള്ള അവസാനപ്രസംഗവും നടത്തി ന്യൂസീലൻഡ് പാർലമെന്റിന്റെ പടിയിറങ്ങിയത് ?
    - **ജസിൻഡ ആർഡേൺ**
- അടുത്തിടെ അരുണാചലിനുമേൽ പരമാധികാരം അവകാശപ്പെട്ട ഇന്ത്യയുടെ അയൽ രാജ്യം ? **ചൈന**
- അടുത്തിടെ നിർബന്ധിത വധശിക്ഷ നിർത്തലാക്കാൻ നിയമം പാസ്സാക്കിയ രാജ്യം ?
    - **മലേഷ്യ**
- മുഗൾ സാമ്രാജ്യത്തെ കുറിച്ചുള്ള അധ്യായങ്ങൾക്കു പിന്നാലെ ഗാന്ധിജിയെക്കുറിച്ചുള്ള പാഠങ്ങളും ഒഴിവാക്കിയത് ?
    - **എൻ.സി.ഇ.ആർ.ടി.**
- എട്ട് പ്രൊഫഷണൽ ഫുട്ബോൾ ടീമുകളുമായി മത്സരം ആരംഭിക്കുന്ന കേരള സൂപ്പർ ലീഗിന്റെ(KSL) ലോഗോ പ്രകാശനം ചെയ്തത് ?
    - **പിണറായി വിജയൻ**
- അടുത്ത എ.എഫ്.സി. ഏഷ്യൻ കപ്പ് ഫുട്ബോൾ 2024 ജനുവരി 12 മുതൽ ഫെബ്രുവരി 10 വരെ നടക്കുന്നത് ?
    - **ഖത്തറിൽ**
- ലയണൽ മെസ്സിക്കുവേണ്ടി ഒരുവർഷം ഏകദേശം 3572 കോടി ₹ വാഗ്ദാനം ചെയ്തതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്ത സൗദി പ്രൊ ലീഗ് ഫുട്ബോൾ ക്ലബ്ബ് ?
    - **അൽ ഹിലാൽ**
- സുപ്രസിദ്ധമായ ആഷസ് ക്രിക്കറ്റ് മത്സരം നിയന്ത്രിക്കുകയെന്ന സ്വപ്നം സഫലമാകുന്ന മലയാളി അംപയർ ?
    - **നിതിൻ മേനോൻ**

- അടുത്തിടെ പ്രശസ്തമായ മെറിൽ ബോൺ ക്രിക്കറ്റ് ക്ലബ്ബിന്റെ (MCC) ആജീവനാന്ത അംഗത്വ ബഹുമതി ലഭിച്ച ഇന്ത്യയിൽ നിന്നുള്ള ക്രിക്കറ്റ് താരങ്ങൾ ?
  - **എം. എസ്. ധോനി, യുവരാജ് സിങ്, സുരേഷ് റെയ്ന, മിതാലി രാജ്, ജുലൻ ഗോസ്വാമി**
  - **ആകെ 19 പേർക്കാണ് എം.സി.സി. പുതുതായി ആജീവനാന്ത അംഗത്വം നൽകിയത്.**
  - **കെവിൻ പീറ്റേഴ്സൻ, ഒയിൻ മോർഗൻ എന്നിവരുൾപ്പെടെ ഇംഗ്ലണ്ടിൽ നിന്നും അഞ്ചുപേരുണ്ട്.**
- IPL ലെ 50-ാം അർധസെഞ്ചുറി കുറിച്ച മൂന്നാമത്തെ താരം ആയത് ?
  - **ശിഖർ ധവാൻ(പഞ്ചാബ് കിംഗ്സ്)**
  - **ഡേവിഡ് വാർണർ (60), വിരാട് കോലി (50) എന്നിവർ മാത്രമേ നേരത്തെ ഐ.പി.എലിൽ 50 അർധസെഞ്ചുറി തികച്ചിട്ടുള്ളൂ.**

## APRIL 7

- ലോകാരോഗ്യ ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 7**
- ഈ വർഷത്തെ ലോകാരോഗ്യ ദിനത്തിന്റെ പ്രമേയം ?
  - **എല്ലാവർക്കും ആരോഗ്യം (Health for All)**
- സ്ഥിതിവിവര കണക്കുകളുമായി ബന്ധപ്പെട്ട രാജ്യാന്തര പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല ഉള്ള ഐക്യരാഷ്ട്ര സംഘടനയുടെ സ്റ്റാറ്റിസ്റ്റിക്കൽ കമ്മിഷൻ അംഗമായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ഇന്ത്യ**
- യുഎസ് സാമ്പത്തിക രംഗത്ത് ശക്തമായ സ്വാധീനം ചെലുത്തുന്ന 100 വനിതകളുടെ പട്ടികയിൽ ഉൾപ്പെട്ട 5 ഇന്ത്യൻ വംശജർ ?
  - **1.അനു അയ്യങ്കാർ**
  - **2.രുപാൽ ജെ.ബൻസാലി**
  - **3.സൊനാൽ ദേശായി**
  - **4.മീന ഫ്ലിൻ**
  - **5.സവിത സുബ്രഹ്മണ്യൻ**
- അടുത്തിടെ ക്രിമിനൽ കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട മുൻ അമേരിക്കൻ പ്രസിഡന്റ് ?
  - **ഡൊണാൾഡ് ട്രംപ്**

- എയർപോർട്ട് കൗൺസിൽ ഇന്ററർനാഷനലിന്റെ (എസിഐ) റിപ്പോർട്ട് പ്രകാരം യാത്രക്കാരുടെ എണ്ണത്തിൽ 9-ആം തവണ ഒന്നാം സ്ഥാനം നിലനിർത്തിയത് ?
    - **ദുബായ് രാജ്യാന്തര വിമാനത്താവളം**
    - **ഹീത്രോ,ആംസ്റ്റർഡാം, പാരീസ് എന്നിവയാണ് യഥാക്രമം 2,3,4 സ്ഥാനങ്ങളിൽ.**
- ഇ-കൊമേഴ്സ് ബിസിനസ്സ് ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യൻ സർക്കാരിന്റെ ഓപ്പൺ നെറ്റ്വർക്കിൽ പിൻകോഡ് എന്ന പേരിൽ ഒരു ആപ്പ് പുറത്തിറക്കിയത് ?
    - **ഫോൺപേ**
- സ്വകാര്യ റോക്കറ്റ് നിർമ്മാതാക്കളായ സ്കൈറൂട്ട് എയ്റോസ്പേസ് അടുത്തിടെ വിജയകരമായി പരീക്ഷിച്ച 3D പ്രിന്റഡ് ക്രയോജനിക് എഞ്ചിന് നൽകിയ പേര് ?
    - **ധവാൻ-II**
- അടുത്തിടെ GI ടാഗ് ലഭിച്ച ബീഹാറിലെ വെസ്റ്റ് ചമ്പാരൻ ജില്ലയിൽ കാണപ്പെടുന്ന ഒരു ചെറിയ നാടൻ നെല്ലിനം ?
    - **മാർച്ച റൈസ്**
- അന്തരിച്ച മുലായം സിംഗിന് വേണ്ടി രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് പത്മവിഭൂഷൺ പുരസ്കാരം ഏറ്റുവാങ്ങിയത് ?
    - **അഖിലേഷ് യാദവ്**
- ഹനുമാൻ ജയന്തിയോടനുബന്ധിച്ച് ഗുജറാത്തിലെ ബോട്ടാഡിലെ സാരംഗ്പുർ ക്ഷേത്രത്തിൽ ഹനുമാന്റെ 54 അടി പ്രതിമ അനാച്ഛാദനം ചെയ്തത് ?
    - **അമിത് ഷാ**
- മാധ്യമങ്ങൾക്കുമേൽ സർക്കാരുകളുടെ അനാവശ്യനിയന്ത്രണങ്ങൾ പാടില്ലെന്നു വ്യക്തമാക്കിയ സുപ്രീം കോടതി, വിലക്ക് റദ്ദാക്കിയത് ഏത് ചാനലിന്റെ ആണ് ?
    - **മീഡിയ വൺ**
- കലാസാഹിത്യരംഗത്തെ മികവിനുള്ള കെ.പി.സി.സി. വിചാർ വിഭാഗിന്റെ സമഗ്ര സംഭാവന പുരസ്കാരം ലഭിച്ച നടൻ ?
    - **മധു**
- ഏറ്റവും കൂടിയ പ്രായത്തിൽ (72) സംവിധായകനായി അരങ്ങേറ്റം കുറിക്കുന്നയാളാകുന്നത് ?
    - **എസ്. എൻ. സ്വാമി**

- നിർമിതബുദ്ധി ഉപയോഗിച്ച്, ചാറ്റ്ജിപിടിയുടെ സഹായത്തോടെ പംക്തികൾ തയ്യാറാക്കിയ മാതൃഭൂമി പ്രസിദ്ധീകരണം ?
  - **ബാലഭൂമി**
- 43-ാം സ്ഥാപനദിനത്തിൽ ബി.ജെ.പി. ആസ്ഥാനത്തെത്തി അംഗത്വം സ്വീകരിച്ച മുതിർന്ന കോൺഗ്രസ് നേതാവ് എ.കെ. ആന്റണിയുടെ മകൻ ?
  - **അനിൽ കെ. ആന്റണി**
- രഞ്ജി കിരീടം നേടിയ മുംബൈ ടീമിൽ അംഗമായിരുന്ന മുൻ ഇന്ത്യൻ ഓപ്പണിംഗ് ബാറ്റർ അന്തരിച്ചു. പേര് ?
  - **സുധീർ നായിക്ക് (78)**
- 2023 ലെ ഫിഫ അണ്ടർ 17 പുരുഷ ലോകകപ്പിനുള്ള ആതിഥേയത്വത്തിൽ നിന്ന് ഫിഫ നീക്കിയത് ഏത് രാജ്യത്തെയാണ് ?
  - **പെറു**
  - **2023 നവംബർ 10 മുതൽ ഡിസംബർ 2 വരെയാണ് മത്സരങ്ങൾ.**
- ആറുവർഷത്തെ കാത്തിരിപ്പിനൊടുവിൽ ഫിഫ റാങ്കിംഗിൽ ഒന്നാമത് എത്തിയത് ?
  - **അർജന്റീന**
  - **ഫ്രാൻസ് രണ്ടാം സ്ഥാനത്തും ബ്രസീൽ മൂന്നാം സ്ഥാനത്തും ആയി**.
- ഫിഫ റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം ?
  - **101-ാം സ്ഥാനം**

## APRIL 8

- Dogecoin ക്രിപ്റ്റോകറൻസിയുടെ ലോഗോ മാറ്റി പഴയ ലോഗോ പുനഃസ്ഥാപിച്ചത് ?
  - **ട്വിറ്റർ**
- തെക്കൻ ലബനനിലും ഗാസാ മുനമ്പിലും വ്യോമാക്രമണം നടത്തിയ രാജ്യം ?
  - **ഇസ്രായേൽ**
- 2023 ഏപ്രിൽ 10-ന് രാജ്യത്തിന്റെ ആദ്യ ഭൗമ നിരീക്ഷണ ഉപഗ്രഹം വിക്ഷേപിക്കാൻ ഒരുങ്ങുന്നത് ?
  - **കെനിയ**
  - **ഉപഗ്രഹത്തിന്റെ പേര്: ടൈഫ-1**
- അടുത്തിടെ ബി.ജെ.പി. യിൽ ചേർന്ന ആന്ധ്രപ്രദേശ് മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന വ്യക്തി ?
  - **കിരൺ കുമാർ റെഡ്ഡി**

- പൊതുഗതാഗതത്തിനുള്ള ലോകത്തിലെ ഏറ്റവും മികച്ച നഗരങ്ങളുടെ പട്ടികയിൽ ഇന്ത്യയിൽ നിന്നു ഇടംപിടിച്ച ഏക നഗരം ?
    - **മുംബൈ (19 ആം സ്ഥാനം)**
    - **ബെർലിൻ,പ്രാഗ്, ടോക്യോ എന്നിവയാണ് യഥാക്രമം1,2,3 സ്ഥാനങ്ങളിൽ.**
- ഏറ്റവും പുതിയ ഇന്ത്യൻ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് (ISFR) 2021 പ്രകാരം, രാജ്യത്തെ ആകെ വനവിസ്തൃതി ?
    - **7,13,789 ചതുരശ്ര കിലോമീറ്റർ**
- 2023-ലെ ടൈം മാസികയുടെ ഏറ്റവും സ്വാധീനമുള്ള ആളുകൾക്കായി TIME100 വോട്ടെടുപ്പിൽ ഒന്നാമത് എത്തിയത് ?
    - **ഷാരൂഖ് ഖാൻ (SRK)**
- 'മഹിളാ നിധി' എന്ന പേരിൽ ആദ്യത്തെ വനിതാ സഹകരണ ഫണ്ട് ആരംഭിച്ച സംസ്ഥാനം ?
    - **രാജസ്ഥാൻ**
- ലോക്തന്ത്ര പ്രഹരി സമ്മാൻ നിയമം റദ്ദാക്കിയ ഇന്ത്യൻ സംസ്ഥാനം ?
    - **ഹിമാചൽ പ്രദേശ്**
- 2022-2023 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉത്പന്നങ്ങൾക്ക് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ (GI Tag) ടാഗുകൾ നേടിയ സംസ്ഥാനം ?
    - **കേരളം**
    - **ഇക്കാലയളവിൽ 6 ഉൽപ്പന്നങ്ങൾ.**
- പ്രശസ്ത ഓട്ടൻതുള്ളൽ കലാകാരി 2023 ഏപ്രിൽ 7ന് അന്തരിച്ചു. പേര് ?
    - **കലാമണ്ഡലം ദേവകി (74)**
    - **കലാമണ്ഡലത്തിൽനിന്ന് ഓട്ടൻ തുള്ളൽ പഠിച്ച ആദ്യ വിദ്യാർഥിനിയാണ്. കഥകളി, കുച്ചിപ്പുഡി, ഭരതനാട്യം എന്നിവയിലും പ്രാവീണ്യം നേടിയിട്ടുണ്ട്.**
- 2023-ലെ ദേശീയ പഞ്ചായത്ത് അവാർഡിൽ രാജ്യത്തെ മികച്ച ശിശുസൗഹൃദ പഞ്ചായത്തായി തിരഞ്ഞെടുത്തത് ?
    - **ആലപ്പുഴയിലെ ചെറുതന പഞ്ചായത്ത്**
- 2023-ലെ ദേശീയ പഞ്ചായത്ത് അവാർഡിൽ സ്വയംപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?
    - **ആലപ്പുഴയിലെ വീയപുരം ഗ്രാമപ്പഞ്ചായത്ത്**

- 2023-ലെ ദേശീയ പഞ്ചായത്ത് അവാർഡിൽ ജലപര്യാപ്തതയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് രണ്ടാം സ്ഥാനം നേടിയത് ?
  - **മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപ്പഞ്ചായത്ത്**
- 2023-ലെ ദേശീയ പഞ്ചായത്ത് അവാർഡിൽ സദ്ഭരണവിഭാഗത്തിൽ മൂന്നാം സ്ഥാനം നേടിയത് ?
  - **തൃശൂർ ജില്ലയിലെ അളഗപ്പനഗർ പഞ്ചായത്ത്**
- മലയാളി സംരംഭകൻ സബീർ നെല്ലിയുടെ നേതൃത്വത്തിൽ യു.എസിൽ പ്രവർത്തിക്കുന്ന നിയോ ബാങ്കിങ് സ്ഥാപനമായ "സിൽ ബാങ്കി'ന്റെ ആഗോള വികസനകേന്ദ്രം ആരംഭിച്ചത് ?
  - **മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ**
- മത്സ്യബന്ധന തുറമുഖം ശുചീകരിക്കാൻ യന്ത്രവത്കൃത സംവിധാനം കേരളത്തിൽ ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങി വിജയകരമാക്കിയത് ?
  - **നീണ്ടകര**
- അയർലൻഡിലെ വെസ്റ്റ് മീത്ത് കൗണ്ടിയുടെയും സമീപ കൗണ്ടികളുടെയും സമാധാന കമ്മിഷണറായി നിയമിതയായ മലയാളി ?
  - **എൽസ അലക്സ് (**
  - **ഇതാദ്യമായാണ് ഇന്ത്യൻ വംശജ ഈ സ്ഥാനത്ത് എത്തുന്നത്**.
- പുരുഷന്മാരുടെ ടി20 ഇന്റർനാഷണൽ (ടി20I) ക്രിക്കറ്റ് മത്സരത്തിൽ അമ്പയർ ചെയ്യുന്ന ആദ്യ വനിതാ അമ്പയർ ആയത് ?
  - **കിം കോട്ടൺ**
  - **2023 ഏപ്രിൽ 5 ന് ഡുനെഡിനിൽ ന്യൂസിലൻഡും ശ്രീലങ്കയും തമ്മിൽ നടന്ന രണ്ടാം ടി20 ലാണ് ഈ നേട്ടം കൈവരിച്ചത്.**
- ഐ.പി.എലിലെ അരങ്ങേറ്റമത്സരത്തിൽ മൂന്നു വിക്കറ്റ് നേടിയ 19-കാരൻ ?
  - **സുയാഷ് ശർമ (കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്)**
- പെനാൽട്ടി ഷൂട്ടൗട്ട് വരെ നീണ്ട നാടകീയതയ്ക്ക് ഒടുവിൽ ബ്രസീലിനെ കീഴടക്കി പ്രഥമ വനിത ഫൈനലിസിമ കിരീടം സ്വന്തമാക്കിയത് ?
  - **ഇംഗ്ലണ്ട്**

## APRIL 9

- റിസർവ് ബാങ്ക് പ്രസ്താവിച്ച നടപ്പ് സാമ്പത്തിക വർഷത്തെ (2023-24) ഇന്ത്യയുടെ GDP വളർച്ച നിരക്ക് ? **6.5%**

- കൊവിഡനന്തര ചികിത്സയിലായിരുന്ന അടുത്തിടെ അന്തരിച്ച ജാർഖണ്ഡിലെ മന്ത്രി ?
  - **ജഗർനാഥ് മഹ്തോ**
  - **2020 നവംബറിൽ ഇദ്ദേഹത്തിന് ശ്വാസകോശം മാറ്റിവച്ചിരുന്നു.**
- 2023 ഏപ്രിൽ 7 ന് അസമിലെ കാസിരംഗ നാഷണൽ പാർക്കിൽ ഗജ് ഉത്സവ് ഉദ്ഘാടനം ചെയ്തത് ?
  - **ദ്രൗപദി മുർമു**
- ഇന്ത്യൻ വ്യോമസേനയുടെ കരുത്തായ സുഖോയ് 30 എം.കെ.ഐ. യുദ്ധ വിമാനത്തിൽ പറന്നത് ?
  - **ദ്രൗപദി മുർമു**
  - **അസമിലെ സോനിൽപുരിലുള്ള ജയ്പൂർ എയർഫോഴ്സ് സ്റ്റേഷനിൽ നിന്നാണ് യുദ്ധ വിമാനത്തിൽ പറന്നത്.**
  - **മുൻ രാഷ്ട്രപതിമാരായ എ.പി.ജെ. അബ്ദുൽ കലാം, പ്രതിഭാ പാട്ടീൽ, രാംനാഥ് കോവിന്ദ് എന്നിവർ യുദ്ധവിമാനത്തിൽ യാത്ര ചെയ്തിട്ടുണ്ട്.**
- അടുത്തിടെ 15 അപൂർവ ഭൗമ മൂലകങ്ങളുടെ(Rare Earth Elements) വലിയ നിക്ഷേപം കണ്ടെത്തിയത് ഏത് സംസ്ഥാനത്താണ് ?
  - **ആന്ധ്രാപ്രദേശ്**
  - **അലനൈറ്റ്, സെറൈറ്റ്, തോറൈറ്റ്, കൊളംബൈറ്റ്, ടാന്റലൈറ്റ്, അപാറ്റൈറ്റ്, സിർക്കോൺ, മോണസൈറ്റ്, പൈറോക്ലോർ, യൂക്സനൈറ്റ്, ഫ്ലൂറൈറ്റ് തുടങ്ങിയവ**
- ഏത് ടൂറിസം വികസനത്തിനായുള്ള മെഗാ പദ്ധതിയ്ക്ക് ആണ് ദേശീയ ഹരിത ട്രൈബ്യൂണൽ വിലക്ക് ഏർപ്പെടുത്തിയത് ?
  - **ഗ്രേറ്റ് നിക്കോബാർ ടൂറിസം**
- പ്രകൃതി വാതക വില നിർണ്ണയത്തെക്കുറിച്ചുള്ള ആരുടെ ശിപാർശ ആണ് സർക്കാർ അംഗീകരിച്ചത് ?
  - **കിരിത് പരീഖ് പാനൽ**
- ലോകത്ത് ആദ്യമായി നിർമ്മിതബുദ്ധിക്ക് ഉപദേഷ്ടാവിന്റെ പദവി നൽകിയ രാജ്യം ?
  - **റൊമാനിയ**
- റൊമാനിയ ഉപദേഷ്ടാവിന്റെ പദവി നൽകിയ AI ബോട്ട് ?
  - **അയോൺ(Ion)**

- പോളണ്ടിന്റെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് ദി വൈറ്റ് ഈഗിൾ ലഭിച്ചത്
    - **ഉക്രെയ്ൻ പ്രസിഡന്റ് വോളോദിമർ സെലെൻസ്കി**
- ഏത് നദീതീര ജില്ലകളിൽ നിന്ന് കൽക്കരി ഖനനം നടത്താനുള്ള തീരുമാനം ആണ് കേന്ദ്രസർക്കാർ ഉപേക്ഷിച്ചത് ?
    - **കാവേരി നദി**
- അടുത്തിടെ കേന്ദ്രസർക്കാറിന്റെ അനുമതി ലഭിച്ച കേരളത്തിലെ തുരങ്ക പാത ?
    - **കോഴിക്കോട് - വയനാട്**
- മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന്റെ സഹപാഠിയും സനാതന ധർമ വിദ്യാശാല ട്രസ്റ്റ് പ്രസിഡന്റും പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റുമായ വ്യക്തി അന്തരിച്ചു. പേര് ?
    - **എസ്. മഹാദേവ അയ്യർ**
- വർഷത്തിൽ മൂന്നുതവണ കർഷകർ വിളവെടുപ്പ് നടത്തി ശ്രദ്ധ പിടിച്ചുപറ്റിയ ഏത് ഇനം മുന്തിരിക്കാണ് ഭൗമസൂചിക പദവി ലഭിച്ചത് ?
    - **തമിഴ്നാട്ടിലെ തേനി ജില്ലയിലെ കമ്പം മേഖലയിൽ കൃഷി ചെയ്യുന്ന "കമ്പം കറുത്ത മുന്തിരി."**
    - **കൂടാതെ ആത്തുർ വെറ്റില, മാർത്താണ്ഡത്തെ തേൻ, മണപ്പാറയിലെ മുറുക്ക്**
- അന്തരിച്ച കവയിത്രി സുഗതകുമാരിയുടെ നന്ദാവനത്തെ വീട് വിറ്റു. വീടിന്റെ പേര് ?
    - **വരദ**
- 2023 ലോക ചെസ് ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കം. വേദി ?
    - **അസ്താന, കസാക്കിസ്ഥാൻ**

## APRIL 10

- ലോക ഹോമിയോപ്പതി ദിനം ആചരിക്കുന്നത് ?
    - **ഏപ്രിൽ 10**
- ഈ വർഷത്തെ ലോക ഹോമിയോപ്പതി ദിനത്തിന്റെ പ്രമേയം ?
    - **One Health, One Family**
- 2023 ഏപ്രിലിൽ ഇന്ത്യ സന്ദർശിക്കുന്ന ഉക്രൈൻ വിദേശകാര്യ സഹമന്ത്രി ?
    - **എമൈൻ ജാപ്പ റോവ**
- ഏത് ഇന്ത്യൻ സംസ്ഥാനത്തെ ആദ്യ വനിതാ മ്യൂസിക് ബാൻഡ് ആണ് "മേഘബാലിക"
    - **ത്രിപുര**

- ആണവശേഷിയുള്ള അന്തർവാഹിനി ഡ്രോണിന്റെ രണ്ടാമത്തെ പരീക്ഷണം നടത്തിയത് ?
  - **ഉത്തരകൊറിയ**
- രാജ്യത്തെ മികച്ച ഊർജോല്പാദന കോർപ്പറേഷനായി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി തിരഞ്ഞെടുത്തത് ?
  - **പശ്ചിമബംഗാൾ ഊർജ വികസന കോർപ്പറേഷൻ ലിമിറ്റഡ്**
- ശ്വാസകോശ അസുഖങ്ങളെത്തുടർന്ന് ചികിത്സയിലായിരുന്ന അടുത്തിടെ അന്തരിച്ച പ്രമുഖ നാടകപ്രവർത്തകയും നർത്തകിയുമായ വ്യക്തി ?
  - **ജലബാല വൈദ്യ (86) (ഡൽഹിയിലെ പ്രസിദ്ധമായ അക്ഷര തിയേറ്ററിന്റെ സഹസ്ഥാപകയാണ്. )**
- പ്രോജക്ട് ടൈഗർ പദ്ധതിയുടെ 50-ാം വാർഷികത്തിൽ പുതിയ ദേശീയ കടുവ സെൻസസ് റിപ്പോർട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി പുറത്തുവിട്ടു. 2022- കണക്കു പ്രകാരം കടുവകളുടെ എണ്ണം ?
  - **3167**
- കടുവ, സിംഹം, പുള്ളിപ്പുലി, ഹിമപ്പുലി, അമേരിക്കൻ സിംഹം, ജാഗ്വാർ, ചീറ്റ എന്നിവയുടെ സംരക്ഷണത്തിനുള്ള രാജ്യാന്തര കൂട്ടായ്മ ?
  - **ഇന്റർനാഷണൽ ബിഗ് കാറ്റ്സ് അലയൻസ്**
- കടുവകൾ വംശമറ്റുപോയ ഏത് രാജ്യത്തിനാണ് ഇന്ത്യ കടുവകളെ നൽകാനായി ധാരണാപത്രത്തിൽ ഒപ്പുവെച്ചത് ?
  - **കംബോഡിയ**
- മൈസൂരുവിലെ കർണാടക ഓപ്പൺ സർവകലാശാലയിൽ ആരംഭിച്ച മൂന്നുദിവസത്തെ പരിപാടിയിൽ നരേന്ദ്രമോദി പ്രകാശനം ചെയ്തത് ?
  - **കടുവസംരക്ഷണത്തെക്കുറിച്ചുള്ള 'അമൃത് കാൽ കാ വിഷൻ' ചെറുപുസ്തകം, സ്മാരകനാണയം**
- 2026-27 മുതൽ അഞ്ച് വർഷത്തേക്കുള്ള പതിനാറാം ധനകാര്യ കമ്മീഷൻ രൂപീകരിക്കുന്നത് ?
  - **2023 നവംബർ**
- കേരളത്തിൽ വന്ദേ ഭാരത് തീവണ്ടി ഓടിക്കുന്നതു സംബന്ധിച്ച പ്രഖ്യാപനം നടത്തുന്നത് ?
  - **നരേന്ദ്രമോദി ഏപ്രിൽ 25 ന്**

- അടുത്തിടെ ഏത് റൂട്ടിൽ ആണ് വന്ദേഭാരത് ട്രെയിൻ സർവീസ് നരേന്ദ്രമോദി ഫ്ലാഗ് ഓഫ് ചെയ്തത് ?
    - **ചെന്നൈ- കോയമ്പത്തൂർ**
- ദക്ഷിണേന്ത്യയിൽ തന്നെ ആദ്യമായി ആറുവരി പാതയിൽ ഒറ്റത്തൂൺ മേൽപാലം നിലവിൽ വരുന്നത് ?
    - **കാസർഗോഡ്**
- മാനജ്മെന്റ് എഫക്ടീവ് ഇവാലുവേഷൻ (എം.ഇ.ഇ.) സ്കോർ പ്രകാരം കടുവാസംരക്ഷണത്തിൽ രാജ്യത്ത് ഒന്നാമത് എത്തിയത് ?
    - **പെരിയാർ കടുവസങ്കേതം സ്കോർ:: 94.38**
    - **2. ബന്ദിപ്പൂർ, സത്പുര കടുവസങ്കേതങ്ങൾ :: 93.18**
    - **18. പറമ്പിക്കുളം കടുവസങ്കേതം :: 84.09**
- തകഴി സാഹിത്യോത്സവത്തിന്റെ ഭാഗമായി നടത്തിയ ചെറുകഥാമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയത് ?
    - **കോഴിക്കോട് പേരാമ്പ്ര സ്വദേശി സുധീർകുമാർ**
    - **കഥ:: പെലെയും മറഡോണയും സ്വർഗത്തിൽ പന്തുതട്ടുമ്പോൾ.**
- സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള ഡിജി കേരളം സാക്ഷരതാ യജ്ഞം ഉദ്ഘാടനം ചെയ്യുന്നത് ?
    - **പിണറായി വിജയൻ, 2023 ഏപ്രിൽ 10 ന് കൊച്ചിയിൽ**
- ആദിവാസിമേഖലയിലെ വിദ്യാർഥികൾക്ക് പഠനസൗകര്യാർത്ഥം വിദ്യാലയങ്ങളിലെത്താനുള്ള ഗോത്രസാരഥി പദ്ധതിയുടെ പുതിയ പേര് ?
    - **വിദ്യാവാഹിനി**
- സ്ട്രീറ്റ് ചൈൽഡ് ക്രിക്കറ്റ് ലോകകപ്പിന്റെ വേദി ?
    - **ചെന്നൈ**
- 2023 ഐ.പി.എലിലെ അതിവേഗ അർധസെഞ്ചുറി കുറിച്ചത് ?
    - **അജിൻക്യ രഹാനെ (19 പന്തിൽ)**
- 2023 ഐ.പി.എലിലെ ആദ്യ ഹാട്രിക് വിക്കറ്റ് നേട്ടം കൈവരിച്ചത് ?
    - **റാഷിദ് ഖാൻ (ഗുജറാത്ത് ടൈറ്റൻസ്)**
- ഐപിഎല്ലിൽ ഒരു ഓവറിൽ തുടർച്ചയായി അഞ്ച് സിക്സറുകൾ നേടുന്ന കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ബാറ്റർ ?
    - **റിങ്കു സിങ്**

- ഫ്രഞ്ച് ലീഗ് വൺ ഫുട്ബോളിൽ നീസിനെതിരേ ഗോൾ നേടിയതോടെ യൂറോപ്യൻ ക്ലബ്ബ് ഫുട്ബോളിലെ ഗോൾവേട്ടയിൽ ക്രിസ്റ്റ്യാനോ റൊണാൾഡോയെ മറികടന്നത് ?
  - **ലയണൽ മെസ്സി**
- ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ നൂറു ഗോൾ നേടുന്ന ആദ്യ ഏഷ്യൻ താരമെന്ന റെക്കോഡ് നേടിയത് ?
  - **സൺ ഹ്യൂങ് മിൻ(ദക്ഷിണ കൊറിയ)**
- ഒർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ കിരീടം നേടിയ ഇന്ത്യൻ യുവതാരം ?
  - **പ്രിയാൻഷു രജാവത്ത്**
  - **ഫൈനലിൽ ഡെൻമാർക്കിന്റെ മാഗ്നസ് യോഹാൻസനെ തോൽപ്പിച്ചു.**

## APRIL 11

- ദേശീയ സുരക്ഷിത മാതൃത്വ ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 11 (കസ്തൂർബാ ഗാന്ധിയുടെ ജന്മദിനം. )**
- കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് രൂപമെടുക്കുകയും ത്രിപുര രാഷ്ട്രീയത്തിൽ നിർണായക സാന്നിധ്യമാവുകയും ചെയ്ത ഏത് പാർട്ടിക്കാണ് സംസ്ഥാന പാർട്ടി പദവി ലഭിച്ചത് ?
  - **തിപ്രമോത്ത**
- ദേശീയപദവി നഷ്ടമായ പാർട്ടികൾ ?
  - **സി.പി.ഐ., എൻ.സി.പി., തൃണമൂൽ കോൺഗ്രസ്**
- ഡൽഹിയിലും പഞ്ചാബിലും ഭരണത്തിലുള്ള ഏത് പാർട്ടി ആണ് ആദ്യമായി ദേശീയ പാർട്ടിയായത് ?
  - **ആം ആദ്മി പാർട്ടി**
- ആധാറിൽ സ്പർശന രഹിത വിരലടയാള സംവിധാനം (ടച്ച്ലെസ് ബയോമെട്രിക് ക്യാപ്ചർ സിസ്റ്റം) കൊണ്ടുവരാനായി UIDAI യുമായി ധാരണാപത്രത്തിൽ ഒപ്പു വെച്ചത് ?
  - **ഐ.ഐ.ടി. ബോംബെ**
- രാജ്യത്ത് എത്ര ആണവ റിയാക്ടറുകൾ സ്ഥാപിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അടുത്തിടെ അംഗീകാരം നൽകിയത് ?
  - **10**
- ക്ഷയ രോഗത്തിന്റെ വ്യാപനം കണക്കാക്കാൻ രാജ്യതലത്തിലുള്ള ഗണിതശാസ്ത്ര മാതൃക വികസിപ്പിച്ച ആദ്യ രാജ്യമായി മാറിയത് ?
  - **ഇന്ത്യ**

- 2023 ഏപ്രിൽ 07-ന് EX-KAVACH എന്ന വലിയ തോതിലുള്ള സംയുക്ത-സൈനിക അഭ്യാസങ്ങൾ വിജയകരമായി നടത്തിയത് എവിടെയാണ് ?
  - **ആൻഡമാൻ നിക്കോബാർ കമാൻഡ് (ANC)**
- അരുണാചൽ പ്രദേശിലെ കിബിത്തു അതിർത്തി ഗ്രാമത്തിൽ വൈബ്രന്റ് വില്ലേജസ് പരിപാടിക്ക് തുടക്കം കുറിച്ചത് ?
  - **അമിത് ഷാ**
- 2023-ലെ അന്താരാഷ്ട്ര സ്റ്റാറ്റിസ്റ്റിക്സ് പുരസ്‌ക്കാരം ലഭിച്ച ഇന്ത്യൻ വംശജനായ പ്രശസ്ത ഗണിത ശാസ്ത്രജ്ഞൻ ?
  - **കല്യംപുടി രാധാകൃഷ്ണ റാവു (C.R. Rao)**
  - **സ്ഥിതിവിവരശാസ്ത്രത്തിൽ ഏഴരപ്പതിറ്റാണ്ടായി നൽകിയ നൂതന ആശയങ്ങളെ മുൻനിർത്തിയാണ് 102-ാം വയസ്സിൽ റാവുവിനെ പുരസ്കാരം തേടിയെത്തിയത്.**
  - **2023 ജൂലൈയിൽ കാനഡയിലെ ഒട്ടാവയിൽ നടക്കുന്ന ഇന്റർനാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വേൾഡ് സ്റ്റാറ്റിസ്റ്റിക്സ് കോൺഗ്രസിൽ 80,000 $ ക്യാഷ് അവാർഡ് അടങ്ങുന്ന പുരസ്കാരം നൽകും.**
  - **സ്റ്റാറ്റിസ്റ്റിക്സ് മേഖലയിലെ നൊബേൽ എന്നാണ് ഇത് അറിയപ്പെടുന്നത്.**
- അടുത്തിടെ യു.എസ്. സന്ദർശിക്കുന്ന തായ്‌വാൻ പ്രസിഡന്റ് ?
  - **സായ് ഇങ് വെൻ**
- നാറ്റോ സഖ്യകക്ഷികളുമായി ഫ്രഞ്ച് സൈനികാഭ്യാസത്തിൽ പങ്കെടുക്കുന്ന ഇന്ത്യയുടെ യുദ്ധവിമാനം ?
  - **റഫാൽ**
- ഇന്ത്യൻ സിനിമയുടെ 110-ാം വാർഷികത്തിന്റെ ഭാഗമായി, മലയാള ചലച്ചിത്ര സൗഹൃദവേദി ഏർപ്പെടുത്തിയ രാജാഹരിശ്ചന്ദ്ര അവാർഡ് (10,001 ₹) ലഭിച്ചത് ?
  - **കൈതപ്രം ദാമോദരൻ നമ്പൂതിരി**
- കേരളത്തിൽ ആദ്യമായി ഇസ്രയേൽ കൃഷിരീതിക്കു തുടക്കമിട്ടത് ?
  - **ചേർത്തല തെക്ക് പഞ്ചായത്ത്, ആലപ്പുഴ**
  - **ഉദ്ഘാടനം നിർവ്വഹിച്ചത് മന്ത്രി പി. പ്രസാദ്.**
- ചേർത്തല പള്ളിപ്പുറത്ത് മെഗാഫുഡ് പാർക്ക് നാടിന് സമർപ്പിക്കുന്നത് ?
  - **2023 ഏപ്രിൽ 11**

- അദ്ഭുതവാനരന്മാർ, അദ്ഭുതനീരാളി, ആമയും മുയലും ഒരിക്കൽക്കൂടി, കമാൻഡർ ഗോപി, മാന്ത്രിക പൂച്ച തുടങ്ങി ഇരുപതോളം ബാലസാഹിത്യകൃതികളുടെ രചയിതാവ് അന്തരിച്ചു. പേര് ?
    - **കെ.വി. രാമനാഥൻ (91)**
    - **ബാലസാഹിത്യരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള 2014-ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.**
- ഇന്ത്യൻ ബധിര ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിച്ച ദേശീയ ബധിര ടെസ്റ്റ് ക്രിക്കറ്റിൽ മധ്യപ്രദേശിനെ തോൽപ്പിച്ച് കിരീടം നേടിയത് ?
    - **കേരളം**
- പി.ടി. ഉഷയ്ക്ക് അടുത്തിടെ ഡോക്ടറേറ്റ് ബിരുദം സമ്മാനിച്ചത് ?
    - **കേരള കേന്ദ്രസർവകലാശാല വൈസ് ചാൻസലർ പ്രൊഫ. എച്ച്. വെങ്കടേശ്വരുലു**
- ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സിനെതിരെ 15 പന്തിൽ 50 റൺസടിച്ചതോടെ ഈ സീസൺ ഐ.പി.എലിലെ അതിവേഗ അർധസെഞ്ചുറി സ്വന്തമാക്കിയത് ?
    - **നിക്കോളാസ് പൂരാൻ (ലക്നൗ സൂപ്പർ ജയന്റ്സ്)**

## APRIL 12

- ലോക പാർക്കിൻസൺസ് ദിനം ആചരിക്കുന്നത് ?
    - **ഏപ്രിൽ 11**
- 2023 ലെ G20 എംപവർ മീറ്റിങ്ങിന് വേദിയാകുന്നത് ?
    - **തിരുവനന്തപുരം**
- മലബാറിലെ മുതിർന്ന കമ്യൂണിസ്റ്റ് നേതാവും സാമൂഹിക പ്രവർത്തകനുമായിരുന്ന കെ. നാരായണൻ മാസ്റ്ററുടെ സ്മരണാർഥം ഏർപ്പെടുത്തിയ പ്രഥമ രാഷ്ട്രീയ നൈതികതാ പുരസ്കാരം ലഭിച്ചത് ?
    - **കാനം രാജേന്ദ്രൻ**
- ഒരുകോടി ₹യും പ്രശസ്തി പത്രവും അടങ്ങുന്ന പ്രത്യേക പുരസ്ക്കാരം കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം പ്രഖ്യാപിച്ചത് 2016 ൽ എർപെടുത്തിയ ഏത് പദ്ധതിക്കാണ് ?
    - **വയനാട്ടിലെ മീനങ്ങാടി പഞ്ചായത്തിൽ ആരംഭിച്ച കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്ക്**

- രാജ്യത്ത് കേന്ദ്രാനുമതിയോടെ 733 വനിതാസംരക്ഷണ കേന്ദ്രങ്ങൾ (വൺ സ്റ്റോപ്പ് സെന്ററുകൾ) പ്രവർത്തിക്കുന്നുണ്ടെന്ന് ദേശീയ വനിതാ കമ്മിഷൻ. ഇതിൽ കേരളത്തിലെ എണ്ണം ?
    - **14**
- അടുത്തിടെ ജലാശയങ്ങളുടെ അടിത്തട്ടിലെ ദൃശ്യങ്ങൾ ഒറ്റ ക്ലിക്കിൽ കാണുന്നതിനായി സംസ്ഥാന ഹൈഡ്രോഗ്രാഫിക് സർവേ വകുപ്പ് അവതരിപ്പിച്ച വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ ?
    - **ജലനേത്ര**
- സർക്കാർ ഉദ്യോഗസ്ഥർക്ക് വിരമിക്കുന്നതിന്റെ തലേന്നുപോലും വാർഷിക ശമ്പളവർധനയ്ക്ക് അർഹതയുണ്ടെന്ന് പ്രസ്താവിച്ചത് ?
    - **കർണാടക ഹൈക്കോടതി & സുപ്രീംകോടതി**
- മഹാരാഷ്ട്ര "മറാത്ത ഉദ്യോഗ് രത്ന 2023" അവാർഡ് നൽകി ആദരിച്ചത് ?
    - **നിലേഷ് സാംബ്രെ**
- ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ് ജടായു കൺസർവേഷൻ ആൻഡ് ബ്രീഡിംഗ് സെന്റർ (JCBC) ഏഷ്യൻ രാജാവായ കഴുകൻമാരുടെ ലോകത്തിലെ ആദ്യത്തെ സംരക്ഷണ, പ്രജനന കേന്ദ്രമായി സ്ഥാപിച്ചത് ?
    - **മഹാരാജ്ഗഞ്ച്, ഉത്തർപ്രദേശ്**
- അടുത്തിടെ വാർത്തകളിൽ നിറഞ്ഞു നിന്ന Raccoon Stealer എന്താണ് ?
    - **മാൽവെയർ**
- 2023 ഏപ്രിൽ 8 ന്, ആരംഭിച്ച് 8 വർഷം പൂർത്തിയാക്കിയ കേന്ദ്ര സർക്കാർ പദ്ധതി ?
    - **മുദ്ര യോജന**
- ഇന്ത്യയിലെ ആദ്യത്തെ ആപ്പിൾ സ്റ്റോർ തുറക്കുന്നത് ?
    - **മുംബൈയിൽ, 2023 ഏപ്രിൽ 18 ന്**
- തായ്‌വാൻ ദ്വീപിന് ചുറ്റും ഓപ്പറേഷൻ ജോയിന്റ് വാൾ എന്ന് വിളിക്കപ്പെടുന്ന മൂന്ന് ദിവസത്തെ സൈനിക അഭ്യാസം നടത്തിയ രാജ്യം ?
    - **ചൈന**
- ആദ്യത്തെ ദ്രവ ഇന്ധനമുള്ള വാണിജ്യ റോക്കറ്റ് ചൈനയുടെ ടിയാൻലോംഗ്-2 ഭ്രമണപഥത്തിൽ എത്തിച്ചത് ?
    - **ചൈനീസ് ബഹിരാകാശ സ്റ്റാർട്ടപ്പ് ആയ 'സ്പേസ് പയനിയർ'**

- 2023 ഏപ്രിൽ 18 മുതൽ മെയ് 8 വരെ മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന Iniochos-2023 എക്സർസൈസിന്റെ വേദിയാവുന്ന രാജ്യം ?
  - **ഗ്രീസ്**
- ഐപിഎൽ ചരിത്രത്തിലെ ഏറ്റവും കൂടുതൽ മാൻ ഓഫ് ദ് മാച്ച് അവാർഡ്(19* എണ്ണം) നേടിയ താരമായത് ?
  - **രോഹിത് ശർമ (മുംബൈ ഇന്ത്യൻസ്)**
- തായ്ലൻഡ് ഓപ്പൺ നീന്തലിൽ 200 മീറ്റർ ബട്ടർഫ്ളൈയിൽ സ്വർണം നേടിയ മലയാളി താരം ? **സാജൻ പ്രകാശ്**
- കസാഖിസ്ഥാനിൽ നടക്കുന്ന ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഏറ്റുമുട്ടുന്നത് ആരെല്ലാം
  - **റഷ്യയുടെ ഇയാൻ നെപോമന്യാച്ചിയും ചൈനയുടെ ഡിങ്‌ലിറനും.**

## APRIL 13

- തൊഴിലുറപ്പ് പദ്ധതിയിൽ സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റിങ് എന്ന ലക്ഷ്യം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം ?
  - **കേരളം**
- ഓപ്പറേഷൻ അരിക്കൊമ്പൻ - അരിക്കൊമ്പനു പിടിപ്പിക്കാനുള്ള സാറ്റലൈറ്റ് റേഡിയോ കോളർ നൽകുന്നത് ?
  - **അസം വനംവകുപ്പ്**
- അടുത്തിടെ 75 വർഷം തികയുന്നത് ?
  - **റബ്ബർ ബോർഡിനും ബോർഡ് രൂപവത്കരിക്കുന്നതിന് കാരണമായ റബ്ബർ ആക്ടിനും**
- റബ്ബർ ആക്ട് നിലവിൽ വന്നത് ?
  - **1947 ഏപ്രിൽ 18 ന്**
- കാലാനുസൃതമായ മാറ്റങ്ങളിലൂടെ മുന്നോട്ടുപോയ കൃഷിക്കൊപ്പം ആറുതവണ ആക്ടും ഭേദഗതി ചെയ്തു. ഏതെല്ലാം വർഷങ്ങളിൽ ?
  - **1954,1960,1982,1994,2009**
- ഭാരതീയ ഭാഷാ ഭവന്റെ യുവ സാഹിത്യ പുരസ്കാരം നേടിയത് ?
  - **എൻ. എസ്. സുമേഷ് കൃഷ്ണൻ**
- സെന്റർ ഫോർ മോണിറ്ററി ഇന്ത്യൻ ഇക്കണോമി റിപ്പോർട്ട് പ്രകാരം രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് ?
  - **7.8 %**

- ഗോണ്ട് പെയിന്റിംഗ് ന് GI Tag ലഭിച്ചു. ഇത് ഏത് ഇന്ത്യൻ സംസ്ഥാനത്തെയാണ് ?
  - **മധ്യപ്രദേശ്**
- ഏതു രോഗത്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ടതാണ് അടുത്തിടെ ഇന്ത്യയിൽ ഉപയോഗത്തിന് അനുമതി നൽകിയ "ഡോറ വിറിൻ' എന്ന മരുന്ന് ?
  - **എയ്ഡ്സ്**
- പ്രധാനമന്ത്രി നരേന്ദ്ര മോദി 2023 ഏപ്രിൽ 12 ന് രാജസ്ഥാനിലെ ആദ്യത്തെ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്തു. റൂട്ട് ?
  - **ജയ്പൂർ - ഡൽഹി കന്റോൺമെന്റ്**
- പ്രമുഖ വ്യവസായിയും മഹീന്ദ്ര ആൻഡ് മഹീന്ദ്ര മുൻ ചെയർമാനുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **കേശബ് മഹീന്ദ്ര (99)**
  - **1987-ൽ ഫ്രഞ്ച് സർക്കാർ ഷെവലിയാർ പദവി നൽകി ആദരിച്ചിട്ടുണ്ട്.**
- 1984-ലെ ഭോപാൽ വാതക ദുരന്ത സമയത്ത് യൂണിയൻ കാർബൈഡ് ഇന്ത്യയുടെ നോൺ എക്സിക്യൂട്ടീവ് ചെയർമാനായിരുന്നത് ?
  - **കേശബ് മഹീന്ദ്ര**
  - **അതിദാരുണ സംഭവത്തിൽ കേശബ് മഹീന്ദ്രയും കമ്പനിയിലെ മറ്റ് ആറ് ഉന്നതോദ്യോഗസ്ഥരും മനഃപൂർവമല്ലാത്ത നരഹത്യ പ്രകാരമുള്ള കേസിൽ കുറ്റക്കാരാണെന്ന് കോടതി വിധിച്ചു. രണ്ടു വർഷത്തെ തടവും പിഴയുമായിരുന്നു ശിക്ഷ.**
- ഇന്ത്യ-നേപ്പാൾ അന്താരാഷ്ട്ര അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഏത് വന്യജീവി സങ്കേതത്തിൽ ആണ് ആദ്യമായി കടുവകളെ 🐅 കണ്ടെത്തിയത് ?
  - **സുഹെൽവ വന്യജീവി സങ്കേതം, ഉത്തർപ്രദേശ്**
- അരുണാചൽ പ്രദേശിലെ ഏത് വന്യജീവി സങ്കേതത്തെയാണ് കടുവ സംരക്ഷണ കേന്ദ്രമായി വിജ്ഞാപനം ചെയ്യാൻ നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി (NTCA) തീരുമാനിച്ചത് ?
  - **ദിബാംഗ് വന്യജീവി സങ്കേതം**
- കന്നുകാലികൾക്ക് ഗുണമേന്മയുള്ള ചികിത്സ സമയബന്ധിതമായി നൽകുന്നുവെന്ന് ഉറപ്പാക്കാൻ ഏത് സംസ്ഥാന സർക്കാരാണ് സഞ്ജീവനി എന്ന പുതിയ പദ്ധതി ആരംഭിച്ചത് ?
  - **ഹിമാചൽ പ്രദേശ്**

❖ ബംഗ്ലാദേശിലെ വിഖ്യാതനായ പൊതുജനാരോഗ്യ പ്രവർത്തകൻ അന്തരിച്ചു. പേര് ?
   ○ **ഡോ. സഫറുള്ള ചൗധരി (81)**
   ○ **സ്വാതന്ത്ര്യസമര സേനാനിയാണ് ഇദ്ദേഹം.**
❖ അടുത്തിടെ സ്റ്റേ സേഫ് ക്യാമ്പയിൻ ആരംഭിച്ച മെസേജ് ആപ്ലിക്കേഷൻ ?
   ○ **വാട്സ് ആപ്പ്**
❖ H3N8 പക്ഷിപ്പനിയുടെ ആദ്യ മരണം ഏത് രാജ്യത്താണ് റിപ്പോർട്ട് ചെയ്തത് ?
   ○ **ചൈന**
❖ ജപ്പാനിലെ ന്യൂക്ലിയർ ഫിസിസിസ്റ്റുകളുടെ ഒരു സംഘം കണ്ടെത്തിയ യുറേനിയത്തിന്റെ പുതിയ ഐസോടോപ്പ് ?
   ○ **യുറേനിയം -241**
❖ ലോകത്തെ ഏറ്റവും ശക്തമായ രണ്ടാമത്തെ ടയർ ബ്രാൻഡ് എന്ന നേട്ടത്തിനൊപ്പം ഇന്ത്യയിലെ ഏറ്റവും മികച്ച ടയർ ബ്രാൻഡ് എന്ന നേട്ടവും കരസ്ഥമാക്കിയത് ?
   ○ **MRF Tyres**
   ○ **1. Micheline, France**
❖ കാഴ്ചപരിമിതർക്കായി ആദ്യമായി രൂപീകരിച്ച ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിൽ ഇടം നേടിയ മലയാളി ?
   ○ **കെ. സാന്ദ്രാ ഡേവിസ്**
   ○ **തൃശൂർ സ്വദേശി**
❖ ചെന്നൈ സൂപ്പർകിങ്സിനെ 200 മത്സരങ്ങളിൽ നയിച്ച ക്യാപ്റ്റൻ എന്ന നേട്ടം കൈവരിച്ചത് ?
   ○ **മഹേന്ദ്ര സിംഗ് ധോണി**

## APRIL 14

❖ അംബേദ്കർ ജയന്തി ?
   ○ **ഏപ്രിൽ 14**
❖ ഡോ. ബി. ആർ. അംബേദ്കറിന്റെ ലോകത്തിലെ ഏറ്റവും ഉയരമുള്ള അംബേദ്കർ പ്രതിമ അനാച്ഛാദനം ചെയ്യുന്നത് ?
   ○ **കെ. ചന്ദ്രശേഖര റാവു, തെലങ്കാന മുഖ്യമന്ത്രി**
   ○ **125 അടി ഉയരമുള്ള വെങ്കലപ്രതിമ 2023 ഏപ്രിൽ 14 ന് അനാച്ഛാദനം ചെയ്യും.**

- അനിമൽ പാൻഡെമിക് പ്രിപ്പേഡ്നെസ് ഇനിഷ്യേറ്റീവ് (APP) ആരംഭിക്കുന്നത് ?
    - **2023 ഏപ്രിൽ 14**
- അടുത്തിടെ GI Tag ലഭിച്ച മധ്യപ്രദേശിലെ സെഹോറിലെ ശർബതി ഏത് വിളയാണ് ?
    - **ഗോതമ്പ്**
    - **ശർബതി ഗോതമ്പ് ദി ഗോൾഡൻ ഗ്രെയിൻ എന്നും അറിയപ്പെടുന്നു.**
- നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ചീഫ് ടെക്നോളജി ഓഫീസറായി (CTO) ആയി നിയമിതനായത് ?
    - **വിശാൽ കൺവട്ടി**
- അടുത്തിടെ മിനിരത്ന കാറ്റഗറി-1 പദവി ലഭിച്ചത് ?
    - **സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ**
- നാഷണൽ ഫുഡ് കോൺക്ലേവ്- 2023 സംഘടിപ്പിക്കുന്നത് ?
    - **ഏപ്രിൽ 28-ന്, ഹൈദരാബാദിൽ**
- ഏത് സ്മോൾ ഫിനാൻസ് ബാങ്കിന്റെ MD & CEO ആയാണ് RBI സഞ്ജയ് അഗർവാളിനെ വീണ്ടും നിയമിച്ചത് ?
    - **എയു സ്മോൾ ഫിനാൻസ് ബാങ്ക്**
- നാഷണൽ ക്യാപിറ്റൽ റീജിയൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ (NCRTC) ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സെമി-ഹൈ-സ്പീഡ് റീജിയണൽ റെയിൽ സർവീസ്?
    - **RAPIDX**
- ഇന്ത്യയിൽ ആദ്യമായി നദിക്കടിയിലൂടെ ഓടുന്ന ആദ്യത്തെ മെട്രോ ട്രെയിൻ സർവീസ് നടത്തിയത് ?
    - **കൊൽക്കത്ത മെട്രോ, ഹൂഗ്ലി നദി**
- ട്രാൻസ്ജെൻഡർ വിഭാഗത്തിന് അടുത്തിടെ ഒബിസി പദവി നൽകിയ സംസ്ഥാനം ?
    - **മധ്യപ്രദേശ്**
- സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ (ZSI) അടുത്തിടെ മേഘാലയയിലെ സൗത്ത് ഗാരോ ഹിൽസ് ജില്ലയിൽ നിന്നും കണ്ടെത്തിയ അമോലോപ്സ് സിജു എന്ന പുതിയ ഇനം ജീവി ഏതാണ് ?
    - **തവള**
- രാജ്യത്ത് ശേഷിക്കുന്ന മൂന്ന് ആണവ നിലയങ്ങളും അടച്ചു പൂട്ടാനൊരുങ്ങുന്നത് ?
    - **ജർമനി**

- ബി.ജെ.പി. സംഘടിപ്പിക്കുന്ന യുവം-23 യുവജന സംഗമത്തിൽ പങ്കെടുക്കാൻ ഏപ്രിൽ 24-ന് കൊച്ചിയിൽ എത്തുന്നത് ?
    - **നരേന്ദ്രമോദി**
- തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ പ്രദർശനയാത്ര നടത്തുന്നത് ?
    - **വന്ദേഭാരത് എക്സ്പ്രസ്**
- പ്ലസ് ടു അനുവദിക്കുന്നതിന് സ്കൂൾ മാനേജ്മെന്റിൽനിന്ന് കൈക്കൂലി വാങ്ങിയെന്നാരോപിച്ചുള്ള ആർക്ക് എതിരായ വിജിലൻസ് കേസിലെ തുടർനടപടികൾ ആണ് ഹൈക്കോടതി റദ്ദാക്കിയത് ?
    - **മുൻ എം.എൽ.എ കെ. എം. ഷാജി**
- ദേശീയ കാലാവസ്ഥാവിഭാഗം പുറത്തുവിട്ട കണക്കനുസരിച്ച് സംസ്ഥാനത്തെ ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തിയത് ?
    - **തൃശൂർ വെള്ളാനിക്കരയിൽ (42.9°C)**
- പ്രേംനസീറിന്റെ പേരിൽ സംസ്ക്കാരസാഹിതി ഏർപ്പെടുത്തിയ പ്രഥമ പ്രേംനസീർ പുരസ്കാരം നേടിയ നടൻ ?
    - **മധു**
    - **മലയാള സിനിമയ്ക്കു നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.**
    - **25,000 ₹യും പ്രശസ്തി പത്രവുമടങ്ങിയതാണ് പുരസ്കാരം.**
- അഷ്ടപദി ആചാര്യൻ ജനാർദനൻ നെടുങ്ങാടിയുടെ സ്മരണയായി ദേവസ്വം ഏർപ്പെടുത്തിയ ശ്രീ ഗുരുവായൂരപ്പൻ അഷ്ടപദി പുരസ്ക്കാരത്തിന് (25001₹) തിരഞ്ഞടുത്തത് ?
    - **അമ്പലപ്പുഴ കൃഷ്ണൻകുട്ടി മാരാർ**
- മഹാകവി ഉള്ളൂർ സ്മാരക സമിതി നൽകിവരുന്ന ഉള്ളൂർ പുരസ്കാരത്തിന് അർഹരായവർ ?
    - **രമാ ചെപ്പ് (പെണ്ണ് പൂത്തപ്പോൾ എന്ന കവിതാ സമാഹാരത്തിന്)**
    - **ഷൈമജ ശിവറാം (സമഗ്രസംഭാവനയ്ക്ക്)**
    - **10001 ₹യും ശില്പവുമാണ് പുരസ്കാരം.**
- ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ 57Kg വിഭാഗം ഫൈനലിൽ കസാഖിസ്ഥാന്റെ അൽമസ് സ്മാൻബെക്കോവിനെ കീഴടക്കി സ്വർണം നേടിയ ഇന്ത്യൻ താരം ?
    - **അമൻ സെഹ്റാവത്ത്**

- പരിശീലകൻ റുഡി ഗാർഷ്യയെ പുറത്താക്കിയ ക്ലബ് ?
    - **അൽ നസ്ർ**

## APRIL 15

- എം. ടി. വാസുദേവൻ നായരുടെ നവതിയുടെ ഭാഗമായി തിരൂർ തുഞ്ചൻപറമ്പിൽ "സാദരം-എം.ടി. ഉത്സവം" നടത്തുന്നത് ?
    - **2023 മെയ് 16-20**
- ചട്ടമ്പി സ്വാമികളുടെ മഹാസമാധി ശതാബ്ദി ആചരണത്തിന് നൽകിയിരിക്കുന്ന പേര്
    - **മഹാഗുരുവർഷം-2024**
- കേരളത്തിലെ ആദ്യ സോളാർ-വിൻഡ് മൈക്രോ ഗ്രിഡ് വൈദ്യുത പദ്ധതി നിലവിൽ വരുന്ന ആദിവാസി ഊര് ?
    - **താഴെതുടുക്കി**
- ജലനിധി പദ്ധതിയിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി വിജിലൻസിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയുടെ പേര് ?
    - **ഓപ്പറേഷൻ ഡെൽറ്റ**
- വേനൽ കടുത്തതോടെ, തുടർച്ചയായ മൂന്നാം ദിവസവും കേരളത്തിലെ വൈദ്യുതി ഉപയോഗത്തിൽ റെക്കോഡ് ഏപ്രിൽ 13 ലെ വൈദ്യുതി ഉപയോഗം ?
    - **10.03 കോടി യൂണിറ്റ്**
- യുവകലാസാഹി തി യു.എ.ഇ. ഷാർജ ഘടകവും വൈക്കം മണ്ഡലം കമ്മിറ്റിയും ചേർന്ന് ഏർപ്പെടുത്തിയ വൈക്കം ചന്ദ്രശേഖരൻ നായർ സാഹിത്യ പുരസ്കാരം ലഭിച്ച എഴുത്തുകാരൻ ? **സി. രാധാകൃഷ്ണൻ**
- ശബരിമല വിമാനത്താവളത്തിന് കേന്ദ്രസർക്കാരിന്റെ അനുമതി. നിർമ്മിക്കുന്നത് ?
    - **കോട്ടയം ജില്ലയിൽ ചെറുവള്ളി എസ്റ്റേറ്റിൽ**
- ടൈം മാഗസിന്റെ 2023-ലെ ലോകത്ത് ഏറ്റവും സ്വാധീനം ചെലുത്തിയ 100 വ്യക്തികളുടെ പട്ടികയിൽ ഉൾപ്പെട്ട ഇന്ത്യൻ സംവിധായകൻ ?
    - **എസ്. എസ്. രാജമൗലി**
- ഇന്ത്യയിൽ വികസിപ്പിച്ച നാവിഗേഷൻ സംവിധാനമായ നാവിക് ചിപ്പ് പുറത്തിറക്കിയത് ?
    - **സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ**
    - **അമേരിക്കയുടെ GPS ന്റെ ഇന്ത്യൻ ബദൽ.**

- അടുത്തിടെ സ്ഥാനാർത്ഥി നിർണ്ണയം അടക്കമുള്ള രാഷ്ട്രീയ പാർട്ടികളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ ലോകായുക്തയ്ക്ക് അധികാരമില്ലെന്ന് പ്രസ്താവിച്ചത് ?
  - **പാറ്റ്ന ഹൈക്കോടതി**
- അടുത്തിടെ GI Tag ലഭിച്ച ആത്തൂർ വെറ്റില ഏത് ഇന്ത്യൻ സംസ്ഥാനത്തെയാണ് ?
  - **തമിഴ്നാട്**
- വിദേശത്ത് വിദ്യാഭ്യാസം തുടരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അംബേദ്കർ ഓവർസീസ് സ്കോളർഷിപ്പ് നൽകുന്ന ആദ്യ സംസ്ഥാനം ?
  - **തെലങ്കാന**
- 2023 ലെ ഫ്രീഡം ഹൗസ് ഇൻഡക്സ് പ്രകാരം ലോകത്തിലെ ഏറ്റവും കുറഞ്ഞ സ്വതന്ത്ര രാജ്യമായി തിരഞ്ഞെടുത്തത് ?
  - **ടിബറ്റ്**
- Courting India: England, Mughal India and the Origin of Empire എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **നന്ദിനി ദാസ്**
- 1984-ൽ ദേശീയ അവാർഡ് ജേതാവായ മുതിർന്ന ചലച്ചിത്ര-ടെലിവിഷൻ നടി അന്തരിച്ചു. പേര് ?
  - **ഉത്തര ബാവോക്കർ(79)**
- ഒരുലക്ഷം ചുവപ്പു കലർന്ന ബ്രൗൺ നിറമുള്ള ടോക് മക്കാക്ക് ഇനത്തിൽപെട്ട കുരങ്ങൻമാരെ ചൈനയിലേക്ക് കയറ്റുമതി ചെയ്യുന്ന രാജ്യം ?
  - **ശ്രീലങ്ക**
- ഭൂമിക്കുപുറത്ത് ജീവന്റെ തുടിപ്പുതേടി വ്യാഴത്തിന്റെ ഉപഗ്രഹങ്ങളിലേക്ക് പുറപ്പെട്ട യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ പര്യവേക്ഷണ വാഹനം ?
  - **ജ്യൂസ് (ജൂപിറ്റർ ഐസ്മൂൺ എക്സ്പ്ലോറർ)**
- ജ്യൂസ് വിക്ഷേപിച്ചത് ?
  - **2023 ഏപ്രിൽ 14 ന് ഫ്രഞ്ച് ഗയാനയിൽ നിന്ന് അരിയാനെ-5 റോക്കറ്റിൽ**
- ക്രിപ്റ്റോ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള സംരംഭം അടുത്തിടെ ആരംഭിച്ച രാജ്യം ?
  - **എൽസാൽവദോർ**
- ഉത്തരകൊറിയയുടെ പുതിയ ഖര ഇന്ധന ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ ?
  - **ഹ്വാസോങ്ഫോ-18**

- പാരീസിൽ 2024ൽ ജൂലൈ 26 മുതൽ ഓഗസ്റ്റ് 11 വരെ നടക്കുന്ന മുപ്പതാമത്തെ ഒളിമ്പിക്സ് മത്സരങ്ങളിൽ ജൂഡോ ജഡ്ജിങ് പാനലിലെത്താൻ യോഗ്യത നേടിയ മലയാളി ?
    - **ജെ. ആർ. രാജേഷ്**
- വിഷൻ-2047 പദ്ധതിയുടെ ചുവടുപിടിച്ച് വനിതാതാരങ്ങൾക്ക് അടുത്തസീസൺ മുതൽ മിനിമം ശമ്പളം(3.20 ലക്ഷം₹) നൽകാൻ തീരുമാനിച്ചത് ?
    - **ദേശീയ ഫുട്ബോൾ ഫെഡറേഷൻ**
- IPL ൽ അതിവേഗം 100 വിക്കറ്റ് തികയ്ക്കുന്ന താരമായത് ?
    - **കഗീസോ റബാഡ (പഞ്ചാബ് കിങ്സ്)**
    - **64-ാം മത്സരത്തിൽ ആണ് ഈ നേട്ടം.**
    - **മറികടന്നത് ലസിത് മലിംഗ(70 മത്സരം) യെ**
- പതിനാറാം സീസൺ IPL ലെ ആദ്യ സെഞ്ചുറി നേടിയത് ?
    - **ഹാരി ബ്രൂക്ക് (55 പന്തിൽ 100*)**
    - **സൺറൈസേഴ്സ് ഹൈദരാബാദ്**

## APRIL 16

- ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ ലൈൻ തുടങ്ങിയിട്ട് 170 വർഷം തികയുന്നത് ?
    - **2023 ഏപ്രിൽ 16**
    - **1853 ഏപ്രിൽ 16-ന് ബോംബെ മുതൽ താനെ വരെ, 34KM**
- 2023 ഡിസംബറോടെ 'വന്ദേ മെട്രോ' എന്ന പേരിൽ ഹൈഡ്രജൻ ട്രെയിനുകൾ പുറത്തിറക്കുമെന്ന് പ്രസ്താവിച്ചത് ?
    - **റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്**
- അംബേദ്കറുടെ 132-ാം ജന്മദിനത്തിൽ ഭാരത് ഗൗരവ് ടൂറിസ്റ്റ് ട്രെയിൻ ഫ്ളാഗ് ഓഫ് ചെയ്തത് ?
    - **ന്യൂഡൽഹി**
- വടക്ക്-കിഴക്കൻ ഇന്ത്യയിലെ ആദ്യ എയിംസ് പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തതെവിടെ ?
    - **ഗുവാഹത്തി, അസം**
- 12-ാമത് ഇന്ത്യ - സ്പെയിൻ ജോയിന്റ് കമ്മിഷൻ ഫോർ ഇക്കണോമിക് കോ-ഓപ്പറേഷന് വേദിയായ ഇന്ത്യൻ നഗരം ?
    - **ന്യൂഡൽഹി**

- ഹിമാലയത്തിലെ ഭൂകമ്പ മേഖലകൾ മാപ്പ് ചെയ്യുന്ന ഐഎസ്ആർഒയും നാസയും സംയുക്തമായി നിർമിച്ച ഉപഗ്രഹം ?
  - **NISAR (Nasa Isro Synthetic Aperture Radar)**
- 'ദ ബാങ്കർ ടു എവരി ഇന്ത്യൻ' എന്ന കോഫി ടേബിൾ ബുക്ക് പുറത്തിറക്കിയത് ഏത് ബാങ്കാണ് ?
  - **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**
- 35-ാം സ്ഥാപക ദിനത്തിൽ പുതിയ ലോഗോ പുറത്തിറക്കിയത് ?
  - **SEBI(Securities and Exchange Board of India)**
- ഏത് രാജ്യത്താണ് ഇന്ത്യയുടെ സഹകരണത്തോടെ പാലം നിർമിച്ചത് ?
  - **മൊസാംബിക്ക് (പാലത്തിന്റെ പേര് :: ബുസി പാലം)**
  - **ഉദ്ഘാടനം ചെയ്തത് :: വിദേശകാര്യമന്ത്രി എസ്. ജയശങ്കർ**
- അനുരാഗ് കശ്യപ് സംവിധാനം ചെയ്ത ഏത് ചലച്ചിത്രമാണ് 2023-ലെ കാൻസ് ചലച്ചിത്രോത്സവത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത് ?
  - **കെന്നഡി**
- ലോകത്തിലെ ആദ്യത്തെ ഡ്രോൺ കാരിയർ, ഏറ്റവും വലിയ യുദ്ധക്കപ്പലായ TCG അനഡോലു കമ്മീഷൻ ചെയ്ത രാജ്യം ?
  - **തുർക്കിയെ**
- KSRTC യുടെ പുതിയ ഡയറക്ടർ ബോർഡ് അംഗമായി നിയമിതയായ കേന്ദ്ര സർക്കാർ സ്ഥാപനമായ കൺവേർജൻസ് എനർജി സർവീസസ് ലിമിറ്റഡിന്റെ (CESL) മുൻ മാനേജിങ് ഡയറക്ടർ ?
  - **മഹുവ ആചാര്യ**
- അടുത്തിടെ ബ്രസീൽ സർക്കാരിന്റെ സിവിലിയൻ ബഹുമതിയായ ഓർഡർ ഓഫ് റിയോ ബ്രാൻകോയ്ക്ക് അർഹനായ മലയാളി അഭിഭാഷകൻ ?
  - **എം. എഫ്. ഫിലിപ്പ്**
- പുതുസംരംഭകർക്ക് കരുത്തേകുന്നതിനായി സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ പ്രഖ്യാപിക്കപ്പെട്ട എമർജിങ് ടെക്നോളജി ഹബ്ബ് ഏത് സംസ്ഥാനത്താണ് ?
  - **കേരളം**
- അടുത്തിടെ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ പുറത്തുവിട്ട ട്വന്റി-20 ബാറ്റിംഗ് റാങ്കിംഗിൽ 906 പോയിന്റുമായി ഒന്നാം സ്ഥാനം നിലനിർത്തിയത് ?
  - **സൂര്യ കുമാർ യാദവ്**

- 2023 മാർച്ച് മാസത്തിലെ ICC യുടെ പുരുഷ,വനിതാ Players of the month പുരസ്കാരം ലഭിച്ചത് ?
    - **ഷാക്കിബ് അൽ ഹസൻ**
    - **(ബംഗ്ലാദേശ്), ഹെൻറിറ്റ് ഇഷിം (റുവാണ്ട)**

## APRIL 17

- ലോക ഹീമോഫീലിയ ദിനം ആചരിക്കുന്നത് ?
    - **ഏപ്രിൽ 17**
    - **ഈ വർഷത്തെ പ്രമേയം :: Access for All: Prevention of Bleeds as the Global Standard of Care**
- കുട്ടികൾക്കുള്ള ഓക്സ്ഫോർഡ് മലേറിയ വാക്സിൻ അംഗീകരിച്ച ആദ്യ രാജ്യം ഏത് ?
    - **ഘാന**
- ഭരണഘടനാ കോടതിയുടെ അംഗീകാരത്തിനു പിന്നാലെ വിവാദ പെൻഷൻ പരിഷ്കരണനിയമത്തിൽ ഒപ്പിട്ടത് ?
    - **ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ**
- അടുത്തിടെ തിരഞ്ഞെടുപ്പു പ്രചാരണത്തിന്റെ ഭാഗമായി പ്രസംഗിക്കാനെത്തിയപ്പോൾ ബോംബ് ആക്രമണത്തെ നേരിട്ടത് ?
    - **ജപ്പാൻ പ്രധാനമന്ത്രി ഫുമിയോ കിഷിദ**
- ഇത്തവണത്തെ ഫെമിന മിസ് ഇന്ത്യ കിരീടം നേടിയത് ?
    - **നന്ദിനി ഗുപ്ത**
    - **രാജസ്ഥാൻ സ്വദേശിനിയായ നന്ദിനി ഗുപ്തയാണ് മിസ് വേൾഡ് മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കുക.**
    - **ഫസ്റ്റ് റണ്ണറപ്പ് :- ഡൽഹിയിൽ നിന്നുള്ള ശ്രേയ പൂഞ്ച**
    - **സെക്കൻഡ് റണ്ണറപ്പ് :- മണിപ്പൂർ സ്വദേശിനി തനോജം സ്ട്രേലാ ലുവാങ്**
- ഡൽഹിയിലെ മദ്യനയവുമായി ബന്ധപ്പെട്ട കേസിൽ സി.ബി.ഐ 9 മണിക്കൂർ ചോദ്യം ചെയ്തത് ?
    - **മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ**
- ഹൈറേഞ്ച് ബുക്ക് ഓഫ് വേൾഡ് റെക്കോഡ്സ് ലോകത്തിലെ ഏറ്റവും ഉയരമുള്ള അംബേദ്കർ പ്രതിമയായി അംഗീകരിച്ചത് ?
    - **അടുത്തിടെ ഹൈദരാബാദിൽ അനാച്ഛാദനം ചെയ്ത 125 അടി ഉയരമുള്ള അംബേദ്കറുടെ വെങ്കലപ്രതിമ**

- 127 വർഷങ്ങൾക്കുശേഷം സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞർ ഇന്ത്യയിൽ കണ്ടെത്തിയ മെലോലോന്ത അരുണാചലൻസിസ്, മെലോലോന്ത ലച്ചുജെൻസിസ് ഏതിനം ജീവികളാണ് ?
    - **വണ്ട്**
- IPL ക്രിക്കറ്റ് ചരിത്രത്തിൽ അതിവേഗം 4000 റൺസ് നേടിയ താരം എന്ന റെക്കോഡ് നേടിയത് ?
    - **കെ. എൽ. രാഹുൽ**
    - **ലക്നൗ സൂപ്പർ ജയന്റ്സ്**
- ഇതിഹാസതാരം സച്ചിൻ തെണ്ടുൽക്കറുടെ മകൻ IPL അരങ്ങേറ്റം കുറിച്ചു. പേര് ?
    - **അർജുൻ തെണ്ടുൽക്കർ (മുംബൈ ഇന്ത്യൻസ്)**
    - **ഇതോടെ IPL മത്സരം കളിക്കുന്ന ആദ്യ അച്ഛൻ - മകൻ എന്ന ഖ്യാതിയും നേടി.**
- എറണാകുളത്തുനിന്ന് വന്ദേ ഭാരത് എക്സ്പ്രസിന്റെ നിയന്ത്രണമേറ്റെടുത്ത ചേപ്പാട് സ്വദേശി ലോക്കോ പൈലറ്റ് ?
    - **സജി വി. മാത്യു**
- കാലിക്കറ്റ് സർവകലാശാല ബിരുദവിദ്യാർഥികളുടെ പാഠപുസ്തകത്തിൽ എം.ടി. വാസുദേവൻ നായരെകുറിച്ച് നൽകിയ വിവരണത്തിൽ കലാസംവിധാനത്തിനും ഗാനരചനയ്ക്കും എം.ടി. ദേശീയ അവാർഡ് നേടിയിട്ടുണ്ട് എന്ന് തെറ്റായി പരാമർശിച്ച പുസ്തകം ?
    - **റീഡിങ്സ് ഓൺ കേരള**
- മലയാള ദൃശ്യമാധ്യമ ചരിത്രത്തിലെ ആദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വാർത്താ അവതാരകൻ ?
    - **ഇവാൻ (മീഡിയ വൺ ചാനൽ)**
- വല്ലാർപാടം സ്വദേശിയായ നിഷിജിത്ത് നിർമ്മിച്ച ആദ്യ യാത്രയ്ക്ക് ഒരുങ്ങുന്ന കേരളത്തിലെ ഏറ്റവും വലിയ യാത്രാ നൗക ?
    - **ക്ലാസിക് ഇംപീരിയൽ**
- പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയും ഗാന്ധിയനും കമ്യൂണിസ്റ്റ് നേതാവുമായ വ്യക്തി അന്തരിച്ചു. പേര് ?
    - **എ. ഗോപാലൻകുട്ടിമേനോൻ (106)**

- ക്ഷീരകർഷകർക്കും കുടുംബത്തിനും കാലികൾക്കും ഇൻഷുറൻസ് ലഭിക്കുന്ന ഏക പദ്ധതി കേരള സർക്കാർ നിർത്തലാക്കി. പേര് ?
  - **ക്ഷീരസാന്ത്വനം**

## APRIL 18

- ലോക പൈതൃക ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 18**
- ഈ വർഷത്തെ ലോക പൈതൃക ദിനത്തിന്റെ പ്രമേയം ?
  - **Heritage Changes**
- സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ഗതാഗത നിയമലംഘനം തടയുന്നതിനും ആവിഷ്കരിച്ച പദ്ധതി ?
  - **സേഫ് കേരള പദ്ധതി**
- മാലിന്യക്കുന്നുകൾ അളക്കാൻ ഡ്രോൺ സർവേ ഉപയോഗപ്പെടുത്തുന്ന പദ്ധതിയുടെ പേര് ?
  - **കേരള ഖരമാലിന്യ പരിപാലന പദ്ധതി**
- റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റത് ?
  - **എം. വസന്തഗേശൻ**
  - **റബ്ബർ ബോർഡിന്റെ ഇ-ട്രേഡിങ് പ്ലാറ്റ്ഫോം ആണ് mRube.**
- സംസ്ഥാനത്തെ ഏറ്റവും വേഗമേറിയ തീവണ്ടിയായി അടുത്തിടെ അരങ്ങേറ്റം കുറിച്ചത് ?
  - **വന്ദേ ഭാരത്**
- സംസ്ഥാനത്തെ ആദ്യ ആധാർ പരാതി പരിഹാര കേന്ദ്രം പ്രവർത്തനം ആരംഭിച്ചത് ?
  - **തിരുവനന്തപുരം**
- സാമൂഹിക പരിഷ്കർത്താവായ ജ്യോതിറാവു ഫൂലെയുടെ ജന്മദിനം, ഏപ്രിൽ 11 പൊതു അവധിയായി പ്രഖ്യാപിച്ച സംസ്ഥാനം ?
  - **രാജസ്ഥാൻ**
- പുതിയ കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഏറ്റവും സമ്പന്നനായ മുഖ്യമന്ത്രി ?
  - **ജഗൻ മോഹൻ റെഡ്ഡി**
  - **ആന്ധ്രാപ്രദേശ്**
- കർണാടക ബാങ്കിന്റെ ഇടക്കാല എംഡിയും സിഇഒയുമായി നിയമിതനായത് ?
  - **ശേഖർ റാവു**

- 2022-ലെ മഹാരാഷ്ട്ര ഭൂഷൺ അവാർഡ് ലഭിച്ചത് ?
  - **ഡോ. അപ്പാസാഹേബ് ധർമ്മാധികാരി**
- ബ്രിട്ടീഷ് ഇന്റലിജൻസ് ഏജൻസിയുടെ മേധാവിയാകുന്ന ആദ്യ വനിത ?
  - **ആൻ കീസ്റ്റ് ബട്ലർ**
- കലിഫോർണിയയിലെ വാൻഡൻബർഗ് സ്പേസ് ഫോഴ്സ് ബേസിൽ നിന്ന് സ്പേസ് എക്സ് ഫാൽക്കൺ റോക്കറ്റിൽ വിക്ഷേപണം നടത്തിയ ദുബായ് ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ അതോറിറ്റിയുടെ (DEWA) രണ്ടാമത് നാനോ ഉപഗ്രഹം ?
  - **ദിവാ സാറ്റ്-2**
- ബഹിരാകാശത്ത് നിന്ന് ഭൂമിയെ മാപ്പ് ചെയ്യാനും പഠിക്കാനും ചന്ദ്രന്റെ ഉപരിതലം സ്കാൻ ചെയ്യുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത അമേരിക്കൻ എയ്റോസ്പേസ് പയനിയർ അന്തരിച്ചു. പേര് ?
  - **വിർജീനിയ നോർവുഡ്(96)**
- അർബുദ ബാധയെത്തുടർന്ന് ന്യൂയോർക്കിൽ അന്തരിച്ച പ്രശസ്ത ജാസ് പിയാനിസ്റ്റും സംഗീത സംവിധായകനുമായ വ്യക്തി ?
  - **അഹമദ് ജമാൽ**
- ശ്രീലങ്കൻ ക്രിക്കറ്റ് താരം മുത്തയ്യ മുരളീധരന്റെ ജീവിതം ആസ്പദമാക്കുന്ന 800 സിനിമയിൽ നായകനാവുന്നത് ?
  - **മധുർ മിത്തൽ (എം. എസ്. ശ്രീപതിയാണ് തിരക്കഥയും സംവിധാനവും)**
- ഐ.പി.എലിൽ രാജസ്ഥാൻ റോയൽസിനായി 3000 റൺസ് തികയ്ക്കുന്ന ആദ്യതാരമെന്ന നേട്ടം സ്വന്തമാക്കിയത് ?
  - **സഞ്ജു സാംസൺ**
  - **മൊത്തം ലീഗ് കരിയറിൽ (രാജസ്ഥാൻ,ഡൽഹി) 3683* റൺസാണ് നിലവിൽ നേട്ടം.**
- അടുത്തിടെ കാർ ട്രാമിലിടിച്ച് പരിക്കേറ്റ ഇറ്റാലിയൻ ഫുട്ബോളർ ?
  - **സിറോ ഇമ്മോബിലെ**

## APRIL 19

- ലോക കരൾ ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 19**
- ഈ വർഷത്തെ ലോക കരൾ ദിനത്തിന്റെ പ്രമേയം ?
  - **Be Vigilant, Do Regular Liver Check- Up, Fatty Liver Can Affect Anyone**

- Regional Pollution Response Exercise "RPREX- 2023" നടത്തിയത് ഏത് സായുധ സേനയാണ് ?
    - **കോസ്റ്റ് ഗാർഡ്, കാക്കിനഡ, ആന്ധ്രാപ്രദേശ്**
- പ്രഥമ ആഗോള ബുദ്ധ ഉച്ചകോടി ഉദ്ഘാടനം ചെയ്യുന്നത് ആര്? എവിടെ ?? എന്ന് ???
    - **പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ 2023 ഏപ്രിൽ 20 ന്**
- അടുത്തിടെ ഗിന്നസ് ബുക്കിൽ ഇടംനേടി ചരിത്രം സൃഷ്ടിച്ച അസമിലെ നൃത്ത രൂപം ?
    - **ബിഹു**
- ശ്രീകാകുളത്തെ ഗ്രീൻഫീൽഡ് തുറമുഖത്തിന് നൽകിയ പുതിയ പേര് ?
    - **മുളപ്പേട്ട തുറമുഖം**
    - **2023 ഏപ്രിൽ 19-ന് മുഖ്യമന്ത്രി വൈ. എസ്. ജഗൻ മോഹൻ റെഡ്ഡി ഇതിന് തറക്കല്ലിടും.**
- ചാറ്റ് ജി.പി.ടി. പോലെ നിർമിതബുദ്ധി അടിസ്ഥാനമാക്കി ഇലോൺ മസ്ക് വികസിപ്പിക്കുന്ന ചാറ്റ് ബോട്ട് ?
    - **ട്രൂത്ത് ജി.പി.ടി.**
- അടുത്തിടെ ഫെൻഗ്യുൻ 3ജി എന്ന കാലാവസ്ഥാ നിരീക്ഷണ ഉപഗ്രഹം വിക്ഷേപിച്ച രാജ്യം ?
    - **ചൈന**
- പുതുപ്പള്ളി രാഘവൻ പുരസ്കാരത്തിനർഹയായ സാമൂഹിക പ്രവർത്തക ?
    - **കെ. അജിത**
    - **25000₹ ആണ് പുരസ്കാരത്തുക**.
- റേഷൻ ഭക്ഷ്യധാന്യം സേവനസന്നദ്ധരായ ഓട്ടോത്തൊഴിലാളികളുടെ സഹായത്തോടെ വീട്ടിലെത്തിച്ചു നൽകുന്ന പദ്ധതി ?
    - **ഒപ്പം**
- ഗീതാഞ്ജലി ശ്രീയുടെ "രേത് സമാധി" എന്ന കൃതിയുടെ മലയാള പരിഭാഷയുടെ പേര്
    - **മണൽ സമാധി**
    - **പരിഭാഷ :: ഡോ. കെ. വനജ**
- ചിന്ത ജെറോം സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷ സ്ഥാനത്തുനിന്ന് പടിയിറങ്ങുന്നു. പകരം യുവജന കമ്മീഷൻ അധ്യക്ഷനാവുന്നത് ?
    - **എം. ഷാജർ**

- സി.പി.എം. കേന്ദ്രകമ്മിറ്റിയംഗം ഇ.പി. ജയരാജന്റെ കുടുംബത്തിന് വലിയ ഓഹരി മൂലധനമുള്ള കണ്ണൂരിലെ വൈദേകം റിസോർട്ടിന്റെ നടത്തിപ്പു ചുമതല ഏറ്റെടുത്തത് ?
  - **നിരാമയ റിട്രീറ്റ്സ് കമ്പനി**
- കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള സരസ് മേളയ്ക്ക് വേദിയാകുന്ന ജില്ല ?
  - **കൊല്ലം**
- പ്രശസ്തമായ ലണ്ടൻ കിങ്സ് കോളേജിലെ വിദ്യാർഥി യൂണിയൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മലയാളി വിദ്യാർഥി ?
  - **സ്റ്റീവൻ സുരേഷ്**
- അടുത്ത അണ്ടർ 20 ഫുട്ബോൾ ലോകകപ്പ് വേദി ?
  - **അർജന്റീന**
  - **ലോകകപ്പിൽ ഇസ്രയേൽ പങ്കെടുക്കുന്നതിനെ ഇൻഡൊനീഷ്യ എതിർത്തതോടെ ഫിഫ ഇൻഡൊനീഷ്യയിൽ നിന്ന് വേദി മാറ്റി.**
- തിരമാലകളിലെ കായികവിനോദമായ സർഫിങ്ങിലെ അന്താരാഷ്ട്ര മത്സരത്തിന് ആദ്യമായി വേദിയാകുന്ന ഇന്ത്യൻ നഗരം ?
  - **മഹാബലിപുരം, തമിഴ്നാട്**
- ഐ.പി.എൽ. ക്രിക്കറ്റിൽ 6000 റൺസ് തികയ്ക്കുന്ന നാലാം താരമായത് ?
  - **രോഹിത് ശർമ**
  - **വിരാട് കോഹ്‌ലി (6844), ശിഖർ ധവാൻ (6477), ഡേവിഡ് വാർണർ (6109) എന്നിവരാണ് ഈ ടൂർണമെന്റിൽ നേരത്തേ 6000 റൺസ് തികച്ചത്.**
  - **എന്നാൽ 6 ട്രോഫിയും 6000 റൺസും നേടുന്ന ആദ്യ താരമാണ് രോഹിത് ശർമ.**
- ക്വാലാലംപൂരിൽ നടന്ന മലേഷ്യൻ ഇൻവിറ്റേഷൻ ഏജ് ഗ്രൂപ്പ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്കായി 50 മീറ്റർ, 100 മീറ്റർ, 200 മീറ്റർ, 400 മീറ്റർ, 1500 മീറ്റർ നീന്തൽ വിഭാഗങ്ങളിൽ സ്വർണം നേടിയത് ?
  - **നടൻ മാധവന്റെ മകൻ വേദാന്ത് മാധവൻ**

## APRIL 20

- 2022-ലെ മാതൃഭൂമി സാഹിത്യ പുരസ്കാരം ലഭിച്ച എഴുത്തുകാരൻ ?
  - **സേതു**
  - **മൂന്നുലക്ഷം ₹യും പ്രശസ്തിപത്രവും ശില്പവുമടങ്ങുന്നതാണ് പുരസ്കാരം.**

- കേരള ഹൈക്കോടതിയുടെ 37-മത് ചീഫ് ജസ്റ്റിസ് ആയി സുപ്രീംകോടതി കൊളീജിയം ശിപാർശ ചെയ്തത് ആരെയാണ് ?
    - **ജസ്റ്റിസ് എസ്. വി. ഭട്ടി**
- കേരള പബ്ലിക് സർവീസ് കമ്മിഷന്റെ സി.പി.എം. പ്രതിനിധിയായി നിയമിച്ചത് ആരെയാണ് ?
    - **ഡോ. പി. പി. പ്രകാശൻ (പട്ടാമ്പി ഗവ. കോളേജ് മലയാളവിഭാഗം അസോസിയേറ്റ് പ്രൊഫസറാണ് ഇദ്ദേഹം. )**
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ്, ലക്ഷ്യയുടെ ബ്രാന്റ് അംബാസഡറായി നിയമിതനായ ചലച്ചിത്ര താരം ?
    - **മോഹൻലാൽ**
- അടുത്തിടെ കേരളത്തിലെ ആദ്യ ത്രീ ഡി കണങ്കാൽ ശസ്ത്രക്രിയ നടന്നതെവിടെ ?
    - **വി.പി.എസ്. ലേക് ഷോർ ആശുപത്രി, കൊച്ചി, എറണാകുളം**
- ഐക്യരാഷ്ട്ര ജനസംഖ്യാനിധിയുടെ റിപ്പോർട്ട് പ്രകാരം ലോകജനസംഖ്യയിൽ ചൈനയെ മറികടന്ന് ഒന്നാം സ്ഥാനത്ത് എത്തിയ രാജ്യം ?
    - **ഇന്ത്യ**
    - **ഇന്ത്യയിൽ ജനസംഖ്യ 142.86 കോടിയിലെത്തി. 142.57 കോടിയാണ് ചൈനയിലെ ജനസംഖ്യ.**
- തിരിച്ചറിയപ്പെടാതെ പോവുന്ന മൃതശരീരങ്ങൾക്കായുള്ള ഇന്ത്യയിലെ ആദ്യ ഡി.എൻ.എ. ഡേറ്റാബേസ് വികസിപ്പിക്കുന്ന സംസ്ഥാനം ?
    - **ഹിമാചൽ പ്രദേശ്**
- ഗ്ലോബൽ ഫിനാൻഷ്യൽ ആർക്കിടെക്ചർ പരിഷ്കരിക്കുന്നതിനുള്ള കോമൺവെൽത്ത് ഗ്രൂപ്പിന്റെ അധ്യക്ഷത വഹിക്കുന്ന രാജ്യം ?
    - **ഇന്ത്യ**
- ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിന്റെ സ്ഥാപക അംഗമായത് ?
    - **നേപ്പാൾ**
- 2023-ലെ മാൽകോം ആദിശേഷയ്യ അവാർഡ്(2 ലക്ഷം ₹) ലഭിച്ച ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞ ?
    - **ഉത്സ പട്നായിക്**
    - **2022 ൽ ഈ അവാർഡ് ലഭിച്ച പ്രഭാത് പട്നായിക് ന്റെ ഭാര്യയാണ് ഉത്സ പട്നായിക്.**

- ന്യൂയോർക്ക് സംസ്ഥാനത്തെ ആദ്യത്തെ കറുത്ത വർഗ്ഗക്കാരനായ ചീഫ് ജഡ്ജിയായി നിയമിച്ചത് ?
  - **റോവൻ വിൽസൺ (62)**
- "In Pursuit of Peace" എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **സതീന്ദർ കുമാർ ലംബ**
- ഹുൻ-താഡൗ എന്ന പേരിൽ സാംസ്കാരികോത്സവം നടന്ന ഇന്ത്യൻ സംസ്ഥാനം ?
  - **മണിപ്പൂർ**
- വിസ്ഡൻ ക്രിക്കറ്റേഴ്സ് അൽമനാകിൽ മികച്ച താരമായ പുരുഷ താരം ?
  - **ബെൻ സ്റ്റോക്സ്**
- വിസ്ഡൻ ക്രിക്കറ്റേഴ്സ് അൽമനാകിൽ മികച്ച താരമായ വനിത താരം ?
  - **ബെത് മൂണി (ഓസ്ട്രേലിയ)**
  - **ഇന്ത്യയിൽ നിന്നു ഇടം നേടിയത് : ഹർമൻപ്രീത് കൗർ**
- വിസ്ഡൻ ക്രിക്കറ്റേഴ്സ് അൽമനാകിൽ 2023ലെ മികച്ച ട്വന്റി20 താരമായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **സൂര്യ കുമാർ യാദവ്**
- 2023ലെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിന് ആതിഥേയത്വം വഹിക്കുന്ന ഇന്ത്യൻ നഗരം ?
  - **ചെന്നൈ**
- ആലപ്പുഴയിലെ ഹൗസ്ബോട്ടിൽ വെർച്വൽ ടൂർ നടത്തുന്ന ടീമംഗങ്ങളുടെ ചിത്രം പുറത്തുവിട്ട പ്രമുഖ ഇംഗ്ലീഷ് ഫുട്ബോൾ ക്ലബ്ബ് ?
  - **ചെൽസി**

## APRIL 21

- ദേശീയ സിവിൽ സർവീസ് ദിനം ?
  - **ഏപ്രിൽ 21**
- ഇത്തവണത്തെ ലതാ ദിനനാഥ് മങ്കേഷ്കർ പുരസ്കാരം നൽകുന്നത് ആർക്കാണ് ?
  - **ഗായിക ആശാ ഭോസ്ലെയ്ക്ക്**
- ക്വാണ്ടം കമ്പ്യൂട്ടറുകൾ വികസിപ്പിക്കുന്നതിനും ക്വാണ്ടം സാങ്കേതിക രംഗത്ത് ശാസ്ത്രീയവും വ്യാവസായികവുമായ ഗവേഷണം നടത്തുന്നതിനുമായി അടുത്തിടെ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയത് ?
  - **ദേശീയ ക്വാണ്ടം മിഷൻ**

- ദേശീയ ക്വാണ്ടം മിഷന്റെ വരവോടെ ഈ സാങ്കേതികത്തികവ് ഉപയോഗിക്കുന്ന എത്രാമത് രാജ്യം ആകും ഇന്ത്യ ?
  - **7**
  - **നിലവിൽ ഈ സാങ്കേതികത്തികവ് ഉപയോഗിക്കുന്ന രാജ്യങ്ങൾ :: അമേരിക്ക, ഫിൻലന്റ്, ഓസ്ട്രിയ, ചൈന, കാനഡ, ഫ്രാൻസ്.**
- ടാറ്റ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ (TEPL) സിഇഒയും എംഡിയുമായി നിയമിതനായത് ?
  - **രൺധീർ താക്കൂർ**
- 2022-23 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയായ രാജ്യം ?
  - **അമേരിക്ക**
- ജർമ്മനിയുടെ ഏറ്റവും ഉയർന്ന ഓർഡർ ഓഫ് മെറിറ്റ് പുരസ്കാരം അടുത്തിടെ ലഭിച്ച മുൻ ചാൻസലർ ?
  - **ആംഗല മെർക്കൽ**
- ആഭ്യന്തര കലാപം രൂക്ഷമായ ആഫ്രിക്കൻ രാജ്യം ?
  - **സുഡാൻ**
- ട്രാൻസ്മാഷ് ഹോൾഡിംഗ് എന്ന റഷ്യൻ കമ്പനി അടുത്തിടെ വാർത്താ പ്രാധാന്യം നേടിയത് ?
  - **വന്ദേഭാരത് എക്സ്പ്രസ് ട്രെയിൻ നിർമ്മാണത്തിനുള്ള കരാറിലൂടെ**
- ജീവജാതി (സ്പീഷിസ്) പദവി തിരികെ പിടിച്ച പക്ഷി ?
  - **ഹനുമാൻ പക്ഷി**
  - **86 വർഷം മുൻപാണ് ഈ പക്ഷിയെ ഉപജീവജാതി (സബ്സ്പീഷീസ്)ആക്കിയത്.**
  - **1930-കളിൽ കെന്റീഷ് പ്ലോവർ എന്ന പക്ഷിയുമായി സാമ്യമുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഹനുമാൻ പ്ലോവറിന്റെ ജീവജാതി പദവി ഒഴിവാക്കിയിരുന്നു.**
  - **കരാഡ്രിയസ് സീബോമി എന്ന ശാസ്ത്രീയനാമമുള്ള ഇവ കെന്റിഷ് പ്ലോവറിനെക്കാൾ ചെറിയ ചിറകുകളും വാലുകളും കൊക്കുകളുമാണുള്ളതെന്ന് പഠനത്തിൽ വ്യക്തമായി.**

- മൂന്നു ടൈനോസോറസുകളുടെ (ദിനോസറുകളിലെ ഒരു വിഭാഗം) എല്ലുകൾ ചേർത്തുണ്ടാക്കിയ അസ്ഥികൂടം 49.35 കോടി ₹യ്ക്ക് ലേലത്തിൽ വിറ്റുപോയത് ?
  - **സൂറിച്ചിലെ കൊല്ലർലേലശാലയിൽ**
  - **ട്രിനിറ്റി (ത്രിത്വം) എന്ന് പേരിട്ട ഈ അസ്ഥികൂടത്തിന് 6.7 കോടി വർഷം പഴക്കം കണക്കാക്കുന്നു.**
- ലോകം ഉറ്റുനോക്കുന്ന പായ് വഞ്ചിയോട്ടമത്സരം ഗോൾഡൻ ഗ്ലോബിൽ മുന്നിൽ എത്തിയത് ?
  - **അഭിലാഷ് ടോമി**
  - **ദക്ഷിണാഫ്രിക്കൻ വനിത ക്രിസ്റ്റർ ന്യൂഷഫറിന്റെ ബോട്ടിനെയാണ് അഭിലാഷ് മറികടന്നത്.**
- 2023 മെയ് മാസത്തിൽ പുറത്തിറങ്ങുന്ന ക്രിക്കറ്റ് താരം ഫാഫ് ഡു പ്ലെസിസിന്റെ ആത്മകഥ ?
  - **ഫാഫ് ത്രൂ ഫയർ**
- 2023 ജൂണിൽ ഇന്റർകോണ്ടിനെന്റൽ കപ്പിനു വേദിയാകുന്നത് ?
  - **ഒഡീഷയിലെ ഭുവനേശ്വർ**
- കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവാരമുള്ള ഒരു കളിസ്ഥലം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന പദ്ധതി ?
  - **ഒരു പഞ്ചായത്ത് ഒരു കളിക്കളം**
- വേൾഡ് ലൈൻ ഇന്ത്യ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഡിജിറ്റൽ പണമിടപാടിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം ?
  - **കേരളം**
- തപസ്യ കലാവേദിയുടെ രണ്ടാമത് മാടമ്പ് കുഞ്ഞുക്കുട്ടൻ പുരസ്കാരം ലഭിച്ചത് ?
  - **സംവിധായകൻ ജയരാജ്**

## APRIL 22

- ലോക ഭൗമ ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 22**
- ഈ വർഷത്തെ ലോക ഭൗമ ദിനത്തിന്റെ പ്രമേയം ?
  - **Invest In Our Planet**
- 2023 ഏപ്രിലിൽ താവെ ഫെസ്റ്റിവൽ (Thawe Festival) അരങ്ങേറിയ ഇന്ത്യൻ സംസ്ഥാനം ?
  - **ബീഹാർ**

- ഇന്ത്യൻ വ്യോമസേനയുടെ ധീരതയ്ക്കുള്ള ഗാലൻട്രി അവാർഡ് നേടുന്ന ആദ്യ വനിതാ ഓഫീസറായത് ?
  - **വിങ് കമാൻഡർ ദീപിക മിശ്ര**
- PSLV-C55 വിക്ഷേപണത്തിലൂടെ ISRO ഭ്രമണപഥത്തിലെത്തിക്കുന്ന സിംഗപ്പൂർ ഉപഗ്രഹങ്ങൾ ?
  - **ടെലിയോസ്-2**
  - **ലൂമിലൈറ്റ്-4**
  - **റോക്കറ്റിന്റെ കത്തിയെരിയാത്ത മുകൾഭാഗം ചെറുപരീക്ഷണ നിലയമായി ബഹിരാകാശത്ത് തുടരുന്നുണ്ടെന്നതാണ് ശനിയാഴ്ചത്തെ വിക്ഷേപണത്തിന്റെ സവിശേഷത.**
- നാഷണൽ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടേറിയറ്റിലെ സൈനിക ഉപദേഷ്ടാവ് ആയി നിയമിതനായത് ?
  - **എയർ മാർഷൽ സന്ദീപ് സിംഗ്**
- Santokba Humanitarian Award ലഭിച്ചത് ?
  - **സോനം വാങ്ചുക്ക്**
  - **ഇദേഹത്തിന് മാഗ്സസെ അവാർഡ് 2018ൽ ലഭിച്ചിട്ടുണ്ട് .**
- പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി അടുത്തിടെ ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കിയ സംസ്ഥാനമായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **കർണാടക**
- എൻ.സി.ഇ.ആർ.ടി.യുടെ പത്താംക്ലാസ് സയൻസ് പാഠപുസ്തകത്തിൽ നിന്ന് അടുത്തിടെ നീക്കം ചെയ്തത് ?
  - **ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തം**
- ലോകത്തിലെ ഏറ്റവും വലിയ ഒഴുകുന്ന പുസ്തകമേള നടക്കുന്ന രാജ്യം ?
  - **ദുബായ്**
  - **ലോഗോസ് ഹോപ്പ് എന്ന കപ്പലിലാണ് പുസ്തക പ്രദർശനം നടന്നത്.**
- ബ്രിട്ടീഷ് ഉപപ്രധാനമന്ത്രിയായി നിയമിതനായത് ?
  - **ഒലിവർ ഡൗഡൻ**
- ടാൻസാനിയയിൽ ആദ്യ അന്താരാഷ്ട്ര ക്യാമ്പസ് സ്ഥാപിക്കുന്ന ഐഐടി ?
  - **ഐഐടി മദ്രാസ്**

- കേരളത്തിൽ പുതുതായി നിലവിൽ വന്ന പാർട്ടി ഏത് ? ആരുടെ നേതൃതത്തിൽ ??
  - **നാഷണൽ പ്രോഗ്രസ്സീവ് പാർട്ടി, ജോണി നെല്ലൂർ**
- പഠനത്തോടൊപ്പം വിദ്യാർഥികൾക്ക് പാർട്ട് ടൈം ജോലി ലഭ്യമാക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച കർമചാരി പദ്ധതി ആദ്യം നടപ്പിലാക്കുന്നത് ?
  - **കൊച്ചി, എറണാകുളം**
- വന്ദേ ഭാരതിന് പരീക്ഷണ ഓട്ടത്തിൽ സ്റ്റോപ്പുണ്ടായിരുന്ന തിരൂരിനെ ഒഴിവാക്കി പകരം സ്റ്റോപ്പ് അനുവദിച്ചത് ?
  - **ഷൊർണൂർ**
- വടക്കേ ഇന്ത്യയിൽ നിലവിലുണ്ടെങ്കിലും കേരളത്തിൽ ആദ്യമായി മഴയ്ക്കെന്ന പോലെ ചൂടിനും നിറ മുന്നറിയിപ്പ് നൽകിയത് ?
  - **കാലാവസ്ഥാവകുപ്പ്**
  - **35°C - 40°C Yellow**
  - **40°C - 45°C Orange**
  - **45°C ++ Red**
- മലയാള സിനിമയിലെ തിരക്കഥാകൃത്തുക്കളുടെയും ഗാന രചയിതാക്കളുടെയും സംഘടനയായ ഫെഫ്ക റൈറ്റേഴ്സ് യൂണിയന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ബാലചന്ദ്രൻ ചുള്ളിക്കാട്**
- കല-സാഹിത്യ-സാംസ്കാരിക രംഗങ്ങളിലെ സമഗ്ര സംഭാവനക്കുള്ള ഈ വർഷത്തെ 'അമൃതവർഷിണി' പുരസ്കാരത്തിന് അർഹനായത് ?
  - **ശ്രീകുമാരൻ തമ്പി**
  - **25,000 ₹യും ശില്പവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം.**
- ശിവഗിരി മഠത്തിന്റെ പ്രഥമ ശ്രീനാരായണ പുരസ്കാരം ലഭിച്ചത് ?
  - **ജി. പ്രിയദർശൻ**
  - **1,11,111 ₹യും പ്രശസ്തിപത്രവും പൊന്നാടയുമടങ്ങുന്നതാണ് പുരസ്കാരം.**
- കാനഡയിലെ ഗ്ലോബൽ ടൂറിസം ചലച്ചിത്രമേളയിലേക്ക് ഇന്ത്യയിൽനിന്ന് തന്നെ ആദ്യമായാണ് ഒരു ചലച്ചിത്രം പങ്കെടുക്കുന്നത്. ഏതാണ് ചലച്ചിത്രം ?
  - **കുമാരി**
  - **നായിക: ഐശ്വര്യ ലക്ഷ്മി**
  - **സംവിധായകൻ : നിർമൽ സഹദേവ്**

# APRIL 23

- ലോക പുസ്തക ദിനം ആചരിക്കുന്നത് ?
    - **ഏപ്രിൽ 23**
- ഈ വർഷത്തെ ലോക പുസ്തക ദിനത്തിന്റെ പ്രമേയം ?
    - **Indigenous Languages**
- ബംഗാളി ഭാഷയിൽ സിനിമയാവുന്ന രവീന്ദ്രനാഥ ടാഗോറിന്റെ കൃതി ?
    - **കാബൂളിവാല**
- നാഷണൽ ടെക്നിക്കൽ റിസർച്ച് ഓർഗനൈസേഷന്റെ (NTRO) പുതിയ ചെയർമാനായി നിയമിതനായത് ?
    - **അരുൺ സിൻഹ**
- 2002-ലെ ജൈവവൈവിധ്യ നിയമത്തിലെ വകുപ്പ്-37 പ്രകാരം, സംസ്ഥാന സർക്കാരിന് തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ജൈവവൈവിധ്യ പ്രാധാന്യമുള്ള മേഖലകളെ Biodiversity Heritage Site( BHS) ആയി വിജ്ഞാപനം ചെയ്യാം. ഇങ്ങനെ പുതുതായി 4 എണ്ണം കൂടി വിജ്ഞാപനം ചെയ്ത ഇന്ത്യൻ സംസ്ഥാനം ?
    - **പശ്ചിമ ബംഗാൾ**
    - **ഇതോടെ ആകെ 8 BHS**
- ഗുരുഗ്രാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ സന്തുഷ്ടരായ മനുഷ്യർ ജീവിക്കുന്ന സംസ്ഥാനം ?
    - **മിസോറം**
- ഇന്ത്യൻ സൈനികർക്ക് ചൈനീസ് ഭാഷയിൽ പരിശീലനം നൽകുന്നതിനായി ഇന്ത്യൻ സൈന്യം ധാരണാപത്രം ഒപ്പുവച്ച സർവകലാശാല ?
    - **അസമിലെ തേസ്പൂർ സർവകലാശാല**
- സർക്കാർ വകുപ്പുകളിൽ 100% ഇലക്ട്രിക് വാഹനമുള്ള സംസ്ഥാനമായത് ?
    - **ഉത്തർപ്രദേശ്**
- അടുത്തിടെ അമേരിക്കയുടെ ഡിഫൻസ് ഡെപ്യൂട്ടി അണ്ടർ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **രാധാ അയ്യങ്കാർ**
- കേരളത്തിലെ ഏറ്റവും വലിയ ഹനുമാൻ പ്രതിമയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനിലൂടെ നിർവഹിക്കുന്നത് എവിടെയാണ് ?
    - **പൂങ്കുന്നം പുഷ്പഗിരി സീതാരാമസ്വാമി ക്ഷേത്രം, തൃശൂർ**

- ❖ കേരളത്തിന്റെ പ്രമുഖ വെജിറ്റേറിയൻ ഭക്ഷ്യ ബ്രാന്റ് ആയ ബ്രാഹ്മിൻസിനെ ഏറ്റെടുത്തത് ?
  - **വിപ്രോ ഗ്രൂപ്പ്**
- ❖ ഹേഗ് ആസ്ഥാനമായ പെർമനന്റ് കോർട്ട് ഓഫ് ആർബിട്രേഷനിൽ നിയമിതനായ സുപ്രീം കോടതി മുൻ ജഡ്ജിയും മലയാളിയുമായ വ്യക്തി ?
  - **കെ. എസ്. രാധാകൃഷ്ണൻ**
- ❖ കുടുംബശ്രീ സൂക്ഷ്മ സംരംഭ വികസനത്തിന്റെ ഭാഗമായുള്ള മൈക്രോ എൻറർപ്രൈസ് കോൺക്ലേവ് ആരംഭിച്ചത് ?
  - **കളമശേരി**
- ❖ സി.പി.എം. കേന്ദ്രകമ്മിറ്റിയംഗവും മുൻ ആരോഗ്യമന്ത്രിയുമായ കെ.കെ. ശൈലജ എം.എൽ.എ.യുടെ ആത്മകഥ ?
  - **മൈ ലൈഫ് ആസ് എ കോമ്രേഡ് (ഒരു സഖാവെന്നനിലയിൽ എന്റെ ജീവിതം)**
- ❖ സുമോ ദീദി എന്ന പേരിൽ ടെലിവിഷൻ സീരീസ് ആവുന്നത് ഏത് പ്രൊഫഷണൽ സുമോ ഗുസ്തി താരത്തിന്റെ ജീവിതം പ്രമേയമാക്കിയാണ് ?
  - **ഹേതൽ ഡേവ്**
- ❖ അടുത്തിടെ അന്തരിച്ച അബ്ദുൾ അസീം ഏത് കായിക ഇനത്തിൽ പ്രശസ്തനായ വ്യക്തി ആയിരുന്നു ?
  - **ക്രിക്കറ്റ്**
- ❖ ആദം ഗിൽക്രിസ്റ്റിനെ മറികടന്ന് ഏറ്റവും അധികം IPL മത്സരത്തിൽ നായകനായ വിദേശ താരം എന്ന റെക്കോർഡ് നേടിയത് ?
  - **ഡേവിഡ് വാർണർ**
- ❖ ജിയോ സിനിമയുടെ ബ്രാൻഡ് അംബാസഡറായി നിയമിതനായ ഇന്ത്യൻ ക്രിക്കറ്റ് താരം ? **രോഹിത് ശർമ**

## APRIL 24

- ❖ ദേശീയ പഞ്ചായത്തീരാജ് ദിനമായി ആചരിക്കുന്നത് ?
  - **ഏപ്രിൽ 24**
- ❖ 2023 ഏപ്രിലിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കേരള സന്ദർശനത്തോട് അനുബന്ധിച്ച് നടത്തുന്ന പരിപാടി ?
  - **യുവം**

- അടുത്തിടെ കുടുംബശ്രീ സംസ്ഥാന മിഷൻ ആഭിമുഖ്യത്തിൽ നടന്ന ദേശീയ സരസ് മേളയുടെ ഭാഗ്യചിഹ്നം ?
  - **നീലു എന്ന പെൺകടുവ**
- അടുത്തിടെ 12 പുസ്തകങ്ങളുടെ പ്രകാശനം നടത്തുന്നത് ?
  - **ഗോവ ഗവർണർ പി. എസ്. ശ്രീധരൻ പിള്ള**
- ഇന്ത്യൻ സർക്കസ് രംഗത്തെ പ്രമുഖനും ആദ്യകാല കലാകാരനും ജെമിനി, ജംബോ സർക്കസ് കമ്പനികളുടെ സ്ഥാപകനുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **എം.വി. ശങ്കരൻ എന്ന ജെമിനി ശങ്കരൻ (99)**
- ഖലിസ്ഥാൻ വാദിയും "വാരിസ് പഞ്ചാബ് ദേ" സംഘടനയുടെ നേതാവുമായ ആരെയാണ് പഞ്ചാബ് പോലീസ് അറസ്റ്റു ചെയ്തത് ?
  - **അമൃത്പാൽ സിങ്ങ്**
- ട്വിറ്ററിന്റെ മാതൃ സ്ഥാപനത്തിന്റെ പുതിയ ഔദ്യോഗിക നാമം ?
  - **X-Corp**
- മൻ കി ബാത്തിന്റെ നൂറാം എപ്പിസോഡ് അനുബന്ധിച്ച് കേന്ദ്ര സർക്കാർ എത്ര ₹യുടെ നാണയമാണ് പുറത്തിറക്കുന്നത് ?
  - **100**
- ദിവ്യാംഗൻ ജീവനക്കാർക്ക് പ്രൊമോഷനിൽ മഹാരാഷ്ട്ര സർക്കാർ അടുത്തിടെ എത്ര ശതമാനം സംവരണം ആണ് പ്രഖ്യാപിച്ചത് ?
  - **4%**
- 51 വർഷം പഴക്കമുള്ള അതിർത്തി തർക്കം അവസാനിപ്പിക്കാൻ അടുത്തിടെ ധാരണാപത്രത്തിൽ ഒപ്പുവെച്ച വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ ?
  - **അസം & അരുണാചൽ പ്രദേശ്**
- രണ്ട് ദശാബ്ദങ്ങൾക്ക് ശേഷം സിംഹത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തിയ ആഫ്രിക്കൻ രാജ്യം ?
  - **സെന്ന ഔറ നാഷണൽ പാർക്ക്, ചാഡ്**
- ടെന്നീസ് ഇതിഹാസം ജയ്ദീപ് മുഖർജിയ യുടെ ആത്മകഥ ?
  - **ക്രോസ്കോർട്ട്**
- SACHIN@50: Celebrating a Maestro എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **ബോറിയ മജുംദാർ**

- വാൾട്ട് ഡിസ്നി കമ്പനിയുടെ ഉടമസ്ഥതയിലുള്ള സ്റ്റാർ സ്പോർട്സ് തങ്ങളുടെ പുതിയ ബ്രാൻഡ് അംബാസഡറായി നിയമിച്ചത് ?
    - **ഋഷഭ് പന്ത്**
- നോർത്ത് ഈസ്റ്റിലെ ഏറ്റവും വലിയ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമിക്കുന്നത് ?
    - **ഷില്ലോങ്ങ്**
- നിർമിതബുദ്ധിയുടെ സഹായത്തോടെ ആരുടെ അഭിമുഖം നടത്തിയതിനാണ് ജർമൻ മാധ്യമം മാപ്പ് പറഞ്ഞത് ?
    - **മുൻ കാറോട്ടതാരം മൈക്കൽ ഷൂമാക്കറുടെ അഭിമുഖം**

## APRIL 25

- ലോക മലേറിയ ദിനം ആചരിക്കുന്നത്?
    - **ഏപ്രിൽ 25**
- ഈ വർഷത്തെ ലോക മലേറിയ ദിനത്തിന്റെ പ്രമേയം ?
    - **Time to Deliver Zero Malaria: Invest, Innovate, Implement**
- ഏഷ്യയിലെ ഏറ്റവുംനീളം കൂടിയ ഹൈഡ്രോ കാർബൺ പൈപ്പ് ലൈൻ നിലവിൽ വന്ന രാജ്യം ?
    - **ഇന്ത്യ**
    - **അസമിലെ ജോർഹത്ത് - മാജുലി എന്നിവയെ തമ്മിൽ ബന്ധിപ്പിച്ച് ബ്രഹ്മപുത്ര നദിയുടെ അടിത്തട്ടിലൂടെ.**
- ആഭ്യന്തരകലാപം രൂക്ഷമായ സുഡാനിൽനിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കാനുള്ള പ്രത്യേക ദൗത്യം ?
    - **ഓപ്പറേഷൻ കാവേരി**
- അടുത്തിടെ നിർബന്ധിത ജോലി സമയം 8 മണിക്കൂറിൽ നിന്ന് 12 മണിക്കൂറായി നീട്ടിക്കൊണ്ട് ഉത്തരവ് പുറത്തിറക്കിയ സംസ്ഥാനം ?
    - **തമിഴ്നാട്**
- കുനോ ദേശീയോദ്യാനം കൂടാതെ ചീറ്റപ്പുലികളുടെ രണ്ടാമത്തെ സംരക്ഷണ കേന്ദ്രം ആകുന്നത് ?
    - **ഗാന്ധിസാഗർ വന്യജീവി സങ്കേതം,**
    - **മധ്യപ്രദേശ്**

- വാരണാസിയിലെ കാശി-വിശ്വനാഥ ക്ഷേത്ര ഇടനാഴിയുടെ മാതൃകയിൽ ആസാമിലെ ഇടനാഴി നിർമ്മിക്കാൻ ഒരുങ്ങുന്നത് ?
  - **കാമാഖ്യ ക്ഷേത്രം, ഗുവാഹത്തി**
- ലോകത്തിലെ ഏറ്റവും വലിയ സൈബർ ഡിഫൻസ് അഭ്യാസം ആയ ലോക്ക്ഡ് ഷീൽഡ്സ് 2023 നടത്തിയത് ?
  - **നാറ്റോ**
  - **എസ്തോണിയയിലെ ടാലിനിൽ**
- ലോകബാങ്കിന്റെ 2023ലെ ലോജിസ്റ്റിക് പ്രകടന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം ?
  - **38 (1. സിംഗപ്പൂർ )**
- ലോക പ്രശസ്ത എഴുത്തുകാരനും മാധ്യമപ്രവർത്തകനും പാകിസ്ഥാൻ വംശജനുമായിരുന്ന വ്യക്തി അന്തരിച്ചു. പേര് ?
  - **താരിക് ഫത്ത**
  - **പാകിസ്ഥാനിൽ ജനിച്ച ഇന്ത്യക്കാരൻ എന്ന് സ്വയം വിശേഷിപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം.**
- ബംഗ്ലാദേശിന്റെ 22-ാമത് പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്തത് ?
  - **മുഹമ്മദ് ഷഹാബുദ്ദീൻ**
- "കരുണ" എന്ന ആശാൻ കൃതിയെ ആധാരമാക്കി പുറത്തിറങ്ങുന്ന മലയാള സിനിമ ?
  - **വാസവദത്ത**
- ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സയൻസ് പാർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തത് ?
  - **പള്ളിപ്പുറം (തിരുവനന്തപുരം)**
- കേരളത്തിലെ വന്ദേഭാരത് തീവണ്ടിയുടെ ഫ്ലാഗ് ഓഫും 3200 കോടിയുടെ മറ്റു വികസന പദ്ധതികളുടെ സമർപ്പണവും ശിലാസ്ഥാപനവും നിർവഹിക്കുന്നത് ?
  - **നരേന്ദ്രമോദി**
- കേരളത്തിന്റെ സ്വപ്നപദ്ധതികളിൽ ഒന്നായ കൊച്ചി വാട്ടർ മെട്രോ രാജ്യത്തിനു സമർപ്പിക്കുന്നത് ?
  - **നരേന്ദ്രമോദി**
  - **ഇന്ത്യയിലെ തന്നെ ആദ്യത്തെ വാട്ടർ മെട്രോ സംവിധാനം.**
  - **ഉപയോഗിച്ചിരിക്കുന്ന ബാറ്ററികൾ :: ലിഥിയം ടൈറ്റനേറ്റ് ഓക്സൈഡ് (L.T.O.) ബാറ്ററികൾ**

- മേയ് 5-9 വരെ അമ്പലപ്പുഴയിൽ നടക്കുന്ന കേരള സർവകലാശാലാ യൂണിയൻ യുവജനോത്സവത്തിന് നൽകിയ പേര് ?
  - **ഏകത്വ**
- WWE (World Wrestling Entertainment) ൽ പങ്കെടുക്കുന്ന ആദ്യ മലയാളി ?
  - **സഞ്ജന ജോർജ്, കോട്ടയം സ്വദേശിനി**
- തുർക്കിയെയിലെ അന്റാലിയയിൽ നടന്ന അമ്പെയ്ത്ത് വേൾഡ് കപ്പ് 2023 ൽ ഇന്ത്യ നേടിയ മെഡലുകൾ ?
  - **രണ്ട് സ്വർണവും ഒരു വെള്ളിയും ഒരു വെങ്കലവുമടക്കം 4 മെഡലുകൾ**
- ഇന്ത്യൻ ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെണ്ടുൽക്കറുടെ 50-ാം പിറന്നാളിൽ (ഏപ്രിൽ 24ന്) സച്ചിൻ ഗേറ്റ് സ്ഥാപിച്ച സ്റ്റേഡിയം ?
  - **സിഡ്നി ക്രിക്കറ്റ് സ്റ്റേഡിയം, ഓസ്ട്രേലിയ**
- ഐ.പി.എൽ. ക്രിക്കറ്റിൽ ക്യാച്ചുകളിൽ സെഞ്ചുറി(💯 ക്യാച്ചുകൾ) തികച്ച ആദ്യ ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സ് താരം ആയത് ?
  - **വിരാട് കോഹ്‌ലി**
  - **ഐപിഎൽ ക്രിക്കറ്റിൽ നിന്നും വിരമിച്ച വിൻഡീസ് താരം കെയ്റോൺ പൊള്ളാർഡ് (103), സുരേഷ് റെയ്ന (109) എന്നിവരാണ് കോഹ്‌ലിക്ക് മുന്നിലുള്ളത്.**

## APRIL 26

- ലോക ബൗദ്ധിക സ്വത്തവകാശ ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 26**
- ഈ വർഷത്തെ ലോക ബൗദ്ധിക സ്വത്തവകാശ ദിനത്തിന്റെ പ്രമേയം ?
  - **Women and IP: Accelerating Innovation and Creativity**
- ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ പ്രായം കുറഞ്ഞ കവയിത്രി എന്ന റെക്കോർഡ് നേടിയ മലയാളി ബാലിക ?
  - **ആഗ്ന യാമി**
  - **ആഗ്ന യാമിയുടെ മുപ്പത് കവിതകളടങ്ങിയ ആദ്യ**
  - **പുസ്തകം:: വർണപ്പട്ടം.**
- തൃശൂർ പുത്തൂർ സുവോളജിക്കൽ പാർക്കിലെ ആദ്യ അന്തേവാസിയായ കടുവയുടെ പേര് ?
  - **വൈഗ**

- ഏറ്റവുമധികം മൂല്യമുള്ള സ്റ്റാർട്ടപ്പുകളുടെ ആഗോള യൂണികോൺ പട്ടികയിൽ ഇടംപിടിച്ചത് ?
  - **ബൈജൂസ് ആപ്പ്**
- സിനിമാ സംഘടനകൾ വിലക്കേർപ്പെടുത്തിയത് ?
  - **ഷെയ്ൻ നിഗം,**
  - **ശ്രീനാഥ് ഭാസി**
- രാജ്യത്തെ എത്രാമത് വന്ദേ ഭാരത് ട്രെയിൻ ആണ് കേരളത്തിൽ നരേന്ദ്ര മോദി ഫ്ലാഗ്ഓഫ് ചെയ്തത് ?
  - **രാജ്യത്തെ 14 ആമത്തെയും ദക്ഷിണറെയിൽവേയുടെ മൂന്നാമത്തെയും**
- ലോകത്തിലെ നൂറ് രാജ്യങ്ങളെ പങ്കെടുപ്പിച്ച് ആഗോള ആയുർവേദ സമ്മിറ്റ് ആൻഡ് ട്രേഡ് ഫെയർ നടക്കുന്നത് ?
  - **2023 സെപ്റ്റംബറിൽ തിരുവനന്തപുരത്ത്**
- കായിക്കര ആശാൻ മെമ്മോറിയൽ അസോസിയേഷന്റെ ആശാൻ യുവകവി പുരസ്കാരത്തിന് അർഹനായത് ?
  - **എസ്. കലേഷ്**
  - **കവിതാസമാഹാരം :: ആട്ടക്കാരി**
- അടുത്തിടെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ലൈസൻസ് റദ്ദാക്കിയ കേരളത്തിലെ സഹകരണ ബാങ്ക് ?
  - **അടൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്**
- നാസ്കോമിന്റെ ചെയർപേഴ്സൺ ആയി അടുത്തിടെ തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ആനന്ദ് മഹേശ്വരി**
- പഞ്ചാബ് മുൻ മുഖ്യമന്ത്രിയും ശിരോമണി അകാലിദളിന്റെ മുതിർന്ന നേതാവുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **പ്രകാശ് സിങ് ബാദൽ (95)**
- "ഇന്ത്യയിലെ ഒന്നാമത്തെ ഗ്രാമം" എന്ന പദവി ബോർഡർ റോഡ്സ് ഓർഗനൈസേഷൻ (BRO) നൽകിയത് ?
  - **മാണാ ഗ്രാമം, ഉത്തരാഖണ്ഡ്**
- ഉടൻ പുറത്തിറങ്ങുന്ന The Golden Years എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **റസ്കിൻ ബോണ്ട്**

- സാങ്കേതിക തടസ്സങ്ങളെ തുടർന്ന് ചന്ദ്രോപരിതലത്തിൽ ഇറക്കാനാതിരുന്ന UAE യുടെ ദൗത്യം ?
    - **റാഷിദ് റോവർ**
    - **ചന്ദ്രന്റെ വടക്കുകിഴക്കൻ പ്രദേശത്ത് അറ്റ്ലസ് ക്രാറ്റർ ഭാഗത്തായാണ് റാഷിദ് റോവർ ഇറക്കാൻ പദ്ധതിയിട്ടിരുന്നത്**.
- ഗോൾഡ്-ബാക്ക്ഡ് ഡിജിറ്റൽ കറൻസി പുറത്തിറക്കാൻ തീരുമാനിച്ച രാജ്യം ?
    - **സിംബാബ്‌വെ**
- 50-ാം ജന്മദിനത്തിൽ ഇന്ത്യൻ ക്രിക്കറ്റ് ഇതിഹാസത്തെ ആദരിക്കുന്നതിനായി യുഎഇയിൽ നടന്ന പ്രത്യേക ചടങ്ങിൽ ഷാർജ ക്രിക്കറ്റ് സ്റ്റേഡിയത്തിലെ ഏത് സ്റ്റാൻഡിനാണ് സച്ചിന്റെ പേര് നൽകിയത് ?
    - **വെസ്റ്റ് സ്റ്റാൻഡിന്**
- ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിനുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. 15 മാസത്തെ ഇടവേളയ്ക്കുശേഷം ടീമിൽ തിരിച്ചെത്തിയത് ?
    - **അജിൻക്യ രഹാനെ**
    - **ജൂൺ ഏഴ് മുതൽ 11 വരെ ലണ്ടനിലെ ഓവലിലാണ് മത്സരം.**
- ഡീഗോ മൗറീഷ്യോയുടെ ഇരട്ട ഗോൾ മികവിൽ ഇന്ത്യൻ സൂപ്പർ കപ്പ് കലാശപ്പോരാട്ടത്തിൽ ബെംഗളൂരു എഫ്.സി.യെ പരാജയപ്പെടുത്തി കിരീടം നേടിയത്
    - **ഒഡിഷ എഫ്.സി.**

## APRIL 27

- 2023 ഏപ്രിൽ 26ന് അന്തരിച്ച പ്രശസ്ത മലയാള നടൻ ?
    - **മാമുക്കോയ (76)**
- മാമുക്കോയയുടെ ആദ്യ സിനിമ ?
    - **അന്യരുടെ ഭൂമി(1977)**
    - **സംവിധായകൻ : നിലമ്പൂർ ബാലൻ**
- 2004 ൽ മാമുക്കോയക്ക് കേരള സംസ്ഥാന അവാർഡ് ജൂറിയുടെ പ്രത്യേക പരാമർശം ലഭിച്ച സിനിമ ?
    - **പെരുമഴക്കാലം**
- 2009 ൽ മാമുക്കോയക്ക് ലഭിച്ച പുരസ്കാരം ?
    - **കല അബുദാബിയുടെ കലാരത്നം പുരസ്കാരം**

- കേരള സർക്കാർ ആദ്യമായി സിനിമയിലെ ഹാസ്യാഭിനയത്തിന് പുരസ്കാരം ഏർപ്പെടുത്തിയത് ?
  - **2008 ൽ**
  - **ഇന്നത്തെ ചിന്താവിഷയം എന്ന ചിത്രത്തിലൂടെ ഈ അവാർഡ് ലഭിച്ചത് മാമുക്കോയയ്ക്കായിരുന്നു.**
- മാമുക്കോയ അഭിനയിച്ച ഫ്രഞ്ച് സിനിമ ?
  - **Flammen in Paradies**
- മാമുക്കോയ പ്രധാന നായകനായ ചിത്രം ?
  - **കോരപ്പൻ ദ ഗ്രേറ്റ്**
- പഞ്ചായത്തിന്റെ എല്ലാ സേവനങ്ങളും പൊതുജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ വാർഡ് തല ഗ്രാമ ഭവനുകൾ ആരംഭിച്ച കേരളത്തിലെ പഞ്ചായത്ത് ?
  - **ആര്യനാട്, തിരുവനന്തപുരം**
- അടുത്തിടെ ഇന്ത്യയുടെ പുതിയ ഡെപ്യൂട്ടി സി.എ.ജി. ആയി നിയമിതയായ മലയാളി വനിത ?
  - **റബേക്ക മത്തായി**
- പുതിയ റിപ്പോർട്ട് പ്രകാരം ആരോഗ്യ മേഖലയ്ക്കുവേണ്ടി ചിലവഴിക്കുന്ന തുകയുടെ കാര്യത്തിൽ രണ്ടാം സ്ഥാനം നേടിയത് ?
  - **കേരളം (1. ഉത്തർപ്രദേശ്)**
- സംരക്ഷിതവനങ്ങൾക്കു ചുറ്റുമുള്ള കരുതൽ മേഖലയിലെ നിർമാണ പ്രവർത്തനങ്ങൾക്കുള്ള സമ്പൂർണ വിലക്ക് നീക്കിയത് ?
  - **സുപ്രീംകോടതി**
- എയ്ഡ്സിന് കാരണമായ എച്ച്.ഐ.വി. വൈറസിനെ കണ്ടു പിടിച്ച അമേരിക്കയിലെ ബാൾട്ടിമോറിലെ ലോക പ്രശസ്ത ഹ്യൂമൻ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലവനായി നിയമിതനായ മലയാളി ?
  - **ഡോ. ശ്യാം സുന്ദർ**
- അടുത്തിടെ ചരിത്രത്തിലെ ഏറ്റവും വലിയ അറ്റാദായം നേടിയ പൊതുമേഖലാ ബാങ്ക്
  - **ബാങ്ക് ഓഫ് മഹാരാഷ്ട്ര**
- 1959- ലെ രമൺ മഗ്സസെ പുരസ്കാരം 64 വർഷത്തിനു ശേഷം സമ്മാനിച്ചത് ആർക്കാണ് ?
  - **ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമയ്ക്ക്**

- ഒരിടവേളയ്ക്കു ശേഷമുണ്ടായ ശക്തമായ മാവോവാദി ആക്രമണത്തിൽ 10 പോലീസുകാരും ഡ്രൈവറും ഉൾപ്പെടെ 11 പേർ കൊല്ലപ്പെട്ടത് ?
  - **ഛത്തീസ്ഗഢിലെ ദന്തേവാഡ ജില്ലയിൽ**
- 2023 ഏപ്രിലിൽ, ഓസ്ട്രേലിയയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഓർഡർ ഓഫ് ഓസ്ട്രേലിയ നൽകി ആരെയാണ് ആദരിച്ചത് ?
  - **രത്തൻ ടാറ്റ യെ**
- ഇൻഡസ്ഇൻഡ് ബാങ്കിന്റെ എംഡിയും സിഇഒയുമായി വീണ്ടും നിയമിതനായത് ?
  - **സുമന്ത് കത്പാലിയ**
- 2023 മെയ് 24 ന് ക്വാഡ് ലീഡർഷിപ്പ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്നത് ?
  - **സിഡ്നി, ഓസ്ട്രേലിയ**
- അടുത്ത ദേശീയ ഗെയിംസ് 2023 ഒക്ടോബറിൽ നടക്കുന്നത് ?
  - **ഗോവ**
- ഇന്ത്യൻ വനിതാ ലീഗ് ഫുട്ബോളിലെ ആദ്യമത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഗോകുലം കേരള എഫ്.സി.ക്ക് തകർപ്പൻ ജയം. മത്സരത്തിൽ 5 ഗോൾ നേടിയത് ?
  - **സബിത്ര ഭണ്ഡാരി**

## APRIL 28

- ജോലിസ്ഥലത്തെ സുരക്ഷയ്ക്കും ആരോഗ്യത്തിനും വേണ്ടിയുള്ള ലോക ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 28**
  - **ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനാണ് 2003 ൽ ആദ്യമായി ഈ ദിനം ആചരിച്ചത്.**
- ആദിവാസി കുട്ടികൾക്കുള്ള ഭക്ഷണത്തിന്റെ ഗുണനിലവാരം വിലയിരുത്താൻ AI മെഷീൻ സ്ഥാപിച്ച സംസ്ഥാനം ?
  - **മഹാരാഷ്ട്ര**
- മാനമധുരൈ മൺപാത്രങ്ങൾ ക്ക് അടുത്തിടെ GI ടാഗ് ലഭിച്ചു. ഇത് ഏത് സംസ്ഥാനത്തെയാണ് ?
  - **തമിഴ്നാട്**
- കേരള സംസ്ഥാന വ്യവസായ വകുപ്പിന്റെ ഇലക്ട്രോണിക്സ് വികസന പദ്ധതികളുടെ ഉപദേശകനായി നിയമിക്കപ്പെട്ടത് ?
  - **ഡോ. അജയ് കുമാർ**

- മെഡിക്കൽ മേഖലയിലെ ഇന്ത്യയുടെ കനത്ത ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുന്നതിനായി 2023 ലെ ദേശീയ മെഡിക്കൽ ഉപകരണ നയത്തിന് അംഗീകാരം നൽകിയത് ?
  - **കേന്ദ്ര സർക്കാർ**
- "Smoke & Ashes: A writers through Opiums hidden Histories" എന്ന പുസ്തകത്തിന്റെ രചയിതാവ്
  - **അമിതാവ് ഘോഷ്**
- അടുത്തിടെ ഗോവ ആസ്ഥാനമായി സ്ഥാപിതമാകുന്ന പുതിയ വിമാന കമ്പനി ?
  - **ഫ്ലൈ 91 എയർലൈൻസ്**
  - **തൃശൂർ സ്വദേശിയായ മനോജ് ചാക്കോ ആണ് നേതൃത്വം നൽകുന്നത്.**
- നവാഗത എഴുത്തുകാർക്കായുള്ള ഇന്ത്യൻ റീഡേഴ്സ് ഫോറം കേരള ചാപ്റ്ററിന്റെ കെ.പി. കേശവ മേനോൻ സാഹിത്യ പുരസ്കാരം (10,001₹) ലഭിച്ചത് ?
  - **ഫാത്തി സലിം**
  - **ദച്ചോമ എന്ന നോവലിന്റെ രചയിതാവാണ് ഫാത്തി.**
  - **കോഴിക്കോട് മുൻ കളക്ടർ പി.ബി. സലിമിന്റെ ഭാര്യയാണ് ഫാത്തി.**
- കേരളത്തിന്റെ പെരുമ വിളിച്ചോതുന്ന സാഹിത്യകൃതികൾ അടയാളപ്പെടുത്തി 'ന്യൂയോർക്ക് ടൈംസ്'. ഏതെല്ലാം കൃതികൾ ?
  - **വൈക്കം മുഹമ്മദ് ബഷീറിന്റെ പൂവൻപഴം, എം.ടി.വാസുദേവൻ നായരുടെ അസുരവിത്ത്, സക്കറിയയുടെ ഭാസ്കരപ്പട്ടേലരും എന്റെ ജീവിതവും**
- ഈ വർഷത്തെ പത്മപ്രഭാ പുരസ്കാരത്തിന് അർഹനായ കഥാകൃത്തും നോവലിസ്റ്റുമായ വ്യക്തി ?
  - **സുഭാഷ് ചന്ദ്രൻ**
  - **75000 ₹യും പത്മരാഗക്കല്ല് പതിച്ച ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**
- അടുത്തിടെ ജാതിവിവേചന വിരുദ്ധ ബിൽ പാസാക്കിയ അമേരിക്കൻ സംസ്ഥാനം ?
  - **കാലിഫോർണിയ**
- ഷാങ്ഹായ് സഹകരണ സംഘടനയുടെ (SCO) പ്രതിരോധമന്ത്രിമാരുടെ ഉച്ചകോടിയ്ക്ക് വേദിയാകുന്ന രാജ്യം ?
  - **ഇന്ത്യ**

- ഗാൽവൻ സംഭവത്തിനുശേഷം ആദ്യമായി SCO പ്രതിരോധമന്ത്രിമാരുടെ ഉച്ചകോടിയിൽ പങ്കെടുക്കുന്ന ചൈനയിലെ പ്രതിരോധമന്ത്രി ?
  - **ലി ഷാങ്ഫു**
- ബ്രസീലിലെ പ്രശസ്തമായ പോർച്ചുഗീസ് ഭാഷയിലുള്ള മിക്കയേലിസ് നിഘണ്ടുവിൽ പുതുതായി ചേർത്ത വാക്ക് ?
  - **പെലെ**
  - **അർഥം :: സമാനതകളില്ലാത്തത്, അസാധാരണമായത്, താരതമ്യമില്ലാത്തത്**
- കേരള ഫുട്ബോളിന് പ്രൊഫഷണലിസത്തിന്റെ പുതിയമുഖം സമ്മാനിക്കുമെന്ന് പ്രതീക്ഷിക്കുന്ന കേരള സൂപ്പർ ലീഗ് ഫുട്ബോൾ ആരംഭിക്കുന്നത് ?
  - **2023 നവംബർ**
- സൈക്ലിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **പങ്കജ് സിംഗ്**

## APRIL 29

- 2023-ലെ ലോക വെറ്ററിനറി ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 29(എല്ലാ വർഷവും ഏപ്രിലിലെ അവസാന ശനിയാഴ്ച)**
- ഈ വർഷത്തെ ലോക വെറ്ററിനറി ദിനത്തിന്റെ പ്രമേയം ?
  - **Promoting Diversity, Equity, and Inclusiveness in the Veterinary Profession**
- ലോക നൃത്തദിനമായി ആചരിക്കുന്നത് ?
  - **ഏപ്രിൽ 29**
- മരച്ചീനി ചെടികളെ ആക്രമിക്കുന്ന നാകോക്കസ് മാനിഹോട്ടി എന്ന മീലിമൂട്ടയെ തുരത്തുന്നതിനായി ആഫ്രിക്കയിൽ നിന്നും കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന വണ്ട് ?
  - **അനാഗൈറസ്**
- ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് മെൽബണിൽ പ്രദർശിപ്പിക്കുന്ന മലയാള ചലച്ചിത്രം
  - **കാക്കിപ്പട (സംവിധാനം : ഷെബി ചൗഘട്ട്)**
- ഓട്ടോ ഡ്രൈവർമാരെ ബ്രാന്റ് അംബാസഡർമാരാക്കി കേരള സർക്കാർ നടപ്പിലാക്കുന്ന ടൂറിസം പദ്ധതി ?
  - **സുന്ദരി ഓട്ടോ**

- കിളിമാനൂർ കൊട്ടാരത്തിൽ അമൂല്യമായി സൂക്ഷിച്ചിട്ടുള്ള രാജാ രവിവർമ്മയുടെ ചിത്രം ?
  - **പാഴ്സി ലേഡി**
  - **ഈ ചിത്രം വരയ്ക്കുന്ന സമയത്താണ് അദ്ദേഹം രോഗശയ്യയിലാകുന്നതും സൃഷ്ടി പൂർത്തിയാക്കാതെ മരിക്കുന്നതും.**
- രാജാ രവിവർമയുടെ എത്രാമത് ജന്മ വാർഷികാഘോഷച്ചടങ്ങിൽ ചടങ്ങിലാണ് പാഴ്സി ലേഡി പ്രകാശിപ്പിക്കുന്നത് ?
  - **175-ാം**
- അച്ചടി പതിപ്പ് നിർത്തലാക്കി ഓൺലൈൻ പ്രസിദ്ധീകരണത്തിലേക്ക് മാറാൻ തീരുമാനിച്ച ഓസ്ട്രിയൻ ദിനപത്രം ?
  - **വീനർ സെയ്റ്റുങ്**
- 2023 ലെ ജി 7 ഉച്ചകോടിയ്ക്ക് വേദിയാകുന്ന ജാപ്പനീസ് നഗരം ?
  - **ഹിരോഷിമ**
- ബിൽബോർഡിന്റെ 'ലാറ്റിൻ വുമൺ ഓഫ് ദ ഇയർ' അവാർഡ് ലഭിച്ച കൊളംബിയൻ ഗായിക ?
  - **ഷക്കീറ**
- നിയന്ത്രിത മരുന്ന് വിതരണത്തിനും രാസപ്രവർത്തനങ്ങൾക്കും മുൻകൂട്ടി പ്രോഗ്രാം ചെയ്യാവുന്ന നാനോ ക്ലേ ഉപയോഗിച്ച് ലിക്വിഡ് മാർബിൾ വികസിപ്പിച്ചെടുത്തത് ?
  - **ഐഐടി ഗുവാഹത്തി**
- ഗോവ സർക്കാർ ടൂറിസം വകുപ്പ് 'പൈതൃകോത്സവം 2023' 2023 ഏപ്രിൽ 28 മുതൽ 30 വരെ നടത്തുന്നത് ?
  - **സാലിഗാവോ ഗ്രാമത്തിൽ**
- വനിതാ ക്രിക്കറ്റ് താരങ്ങൾക്ക് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് നൽകുന്ന ഉയർന്ന കരാർ(Category A)ലഭിച്ചത് ?
  - **ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ, മുൻനിര ബാറ്റർ സ്മൃതി മന്ഥാന, ഓൾറൗണ്ടർ ദീപ്തി ശർമ**
  - **A കരാറുകാർക്ക് മാച്ച് ഫീസായി 50 ലക്ഷം രൂപയും B വിഭാഗക്കാർക്ക് 30 ലക്ഷം രൂപയും C വിഭാഗത്തിൽപ്പെടുന്നവർക്ക് 10 ലക്ഷം രൂപയും ലഭിക്കും.**

- ന്യൂസിലൻഡിനെതിരായ ഏകദിന ക്രിക്കറ്റ് മത്സരത്തിൽ അഞ്ചുവിക്കറ്റ് ജയത്തോടെ ഏകദിനത്തിൽ 500 വിജയം തികച്ചത് ?
    - **പാകിസ്ഥാൻ**
    - **ഇത്രയും വിജയങ്ങളിലെത്തുന്ന മൂന്നാമത്തെ ടീമാണ് പാകിസ്ഥാൻ.**
    - **നേരത്തേ ഇന്ത്യയും ഓസ്ട്രേലിയയുമാണ് 500 വിജയം പൂർത്തിയാക്കിയത്.**
- ടെസ്റ്റിൽ അതിവേഗം 50 വിക്കറ്റ് എന്ന റെക്കോർഡ് നേടിയത് ?
    - **പ്രഭാത് ജയസൂര്യ (ശ്രീലങ്ക)**
    - **ഏഴാമത് ടെസ്റ്റ് മത്സരത്തിൽ ആണ് ഈ നേട്ടം.**
    - **മറികടന്നത് 8 ടെസ്റ്റ് മത്സരത്തിൽ നിന്നും ഈ നേട്ടം കൈവരിച്ച വിൻഡീസ് താരം ആൽഫ് വാലന്റൈന്റെ 72 വർഷം പഴക്കമുള്ള റെക്കോഡ്.**
- ഏപ്രിൽ 27-ന് ആരംഭിച്ച ഇന്ത്യ- യു.കെ. സംയുക്ത സൈനികാഭ്യാസം ?
    - **അജേയ വാരിയർ**
- മണിക്കൂറിൽ 1000 കി.മി. വേഗതയിൽ സഞ്ചരിക്കുന്ന ഹൈപ്പർലൂപ്പ് ട്രെയിൻ പദ്ധതി നടപ്പാക്കാനൊരുങ്ങുന്ന ഏഷ്യൻ രാജ്യം ?
    - **ചൈന**

## APRIL 30

- ആയുഷ്മാൻ ഭാരത് ദിവസ് ആചരിക്കുന്നത് ?
    - **ഏപ്രിൽ 30**
- സ്പൈസ് ജെറ്റിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറായി നിയമിതനായത് ?
    - **അരുൺ കശ്യപ്**
- LIC യുടെ പുതിയ മാനേജിംഗ് ഡയറക്ടറായി നിയമിതനായത് ?
    - **സിദ്ധാർത്ഥ മൊഹന്തി**
- ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയ സി.ഇ.ഒ.യും മാനേജിങ് ഡയറക്ടറുമായി നിയമിതനായത് ?
    - **രജനീഷ് കർണാടക്**
- ബാങ്ക് ഓഫ് ബറോഡയുടെ പുതിയ സി.ഇ.ഒ.യും മാനേജിങ് ഡയറക്ടറുമായി നിയമിതനായത് ?
    - **ദേബദത്ത ചന്ദ്**

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരമ്പരയായ മൻ കീ ബാത് ന് 100 ആം പതിപ്പ് പൂർത്തിയാകുന്നത് ?
  - **2023 ഏപ്രിൽ 30**
- മൻ കി ബാത്തിന്റെ 100-ാം പതിപ്പിന് ആശംസയർപ്പിച്ച് പുരി കടൽത്തീരത്ത് നരേന്ദ്രമോദിയുടെയും 100 റേഡിയോകളുടെയും കൂറ്റൻ മണൽശില്പം തയ്യാറാക്കിയ പ്രശസ്ത മണൽ ശില്പകലാകാരൻ ?
  - **സുദർശൻ പട്നായിക്**
- തെലങ്കാന സെക്രട്ടേറിയറ്റിന്റെ പുതിയ സമുച്ചയം ഉദ്ഘാടനം ചെയ്യുന്നത് ?
  - **മുഖ്യമന്ത്രി കെ. ചന്ദ്രശേഖർ റാവു 2023 ഏപ്രിൽ 30 ന്**
  - **ആറു നിലകളിലായി ഹൈദരാബാദ്, ഇറ്റാലിയൻ വാസ്തുവിദ്യയിൽ രൂപകല്പനചെയ്തതാണ് സമുച്ചയം**.
- പാർശ്വവൽക്കരിക്കപ്പെട്ടവരുടെ നായകനുള്ള ഉചിത സ്തുത്യുപഹാരമായി തെലങ്കാനയുടെ പുതിയ ഭരണകൂട ആസ്ഥാനത്തിന് നൽകിയിരിക്കുന്ന പേര് ?
  - **ഡോ. ബി. ആർ. അംബേദ്കർ തെലങ്കാന സ്റ്റേറ്റ് സെക്രട്ടറിയറ്റ്**
- അടുത്തിടെ കഞ്ചാവ് ഉത്പന്നങ്ങളുടെ പരസ്യം അനുവദിച്ച സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ?
  - **ട്വിറ്റർ**
- ആൻഡ്രോയ്ഡ് കേസിൽ മത്സരക്കമ്മിഷൻ ചുമത്തിയ 1,387.76 കോടി ₹യുടെ പിഴ പൂർണമായി അടച്ച ആഗോള ടെക് ഭീമൻ ?
  - **ഗൂഗിൾ**
- ഇന്ത്യയിലെ ആദ്യത്തെ കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് അൻജി ഖാഡ് പൂർത്തിയാകുന്നത് ?
  - **2023 മെയ്**
  - **പാലത്തിന്റെ ആകെ നീളം: 725m**
- Banana leather ഉപയോഗിച്ച് നിർമ്മിച്ച രാജ്യത്തെ ആദ്യത്തെ ഹാൻഡ്ബാഗുകൾ പുറത്തിറക്കിയത് ?
  - **രാഷ്കി(Rashki)**
- ചിന്നക്കനാലുകാരുടെ ഉറക്കം കെടുത്തിയ അരിക്കൊമ്പൻ എന്ന കാട്ടാനയെ വനംവകുപ്പിന്റെ പ്രത്യേക ദൗത്യസംഘം മയക്കുവെടിവെച്ച് പിടികൂടി. വൻ സജ്ജീകരണങ്ങളോടെ ലോറിയിൽ എത്തിച്ചത് ?
  - **പെരിയാർ കടുവ സങ്കേതത്തിലെ മുല്ലക്കൊടി സീനിയറോടയിൽ**

- തീരമേഖലയുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുള്ള ഫിഷറീസ് വകുപ്പിന്റെ പദ്ധതി ?
  - **തീരസദസ്സ്**
- വള്ളുവനാടൻ സാംസ്കാരിക വേദി, അങ്ങാടിപ്പുറം സർവീസ് സഹകരണബാങ്കിന്റെ സഹകരണത്തോടെ നൽകിവരുന്ന നന്തനാർ സാഹിത്യ പുരസ്കാരത്തിന് അർഹനായത് ?
  - **കെ.എൻ. പ്രശാന്തിന്റെ "പൊനം" എന്ന നോവൽ**
- അടുത്തിടെ അന്തരിച്ച മുൻ ഒഡീഷ എംപിയും 3 തവണ എംഎൽഎയും ആയിരുന്ന വ്യക്തി ?
  - **ത്രിലോചൻ കനുങ്കോ**
- അടുത്തിടെ നമോ മെഡിക്കൽ എജ്യുക്കേഷൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്തത് ?
  - **സിൽവാസ**
- യാത്ര തുടങ്ങി 235-ാം ദിവസം. ഗോൾഡൻ ഗ്ലോബ് റേസ് പായ് വഞ്ചിയോട്ട മത്സരത്തിൽ ഒന്നാമത് എത്തുന്ന ആദ്യ വനിത എന്ന ചരിത്രത്തോടെ കര തൊട്ടത് ?
  - **ദക്ഷിണാഫ്രിക്കയുടെ ക്രിസ്റ്റൻ ന്യൂഷിഫർ**
  - **ഗോൾഡൻ ഗ്ലോബ് റേസ് പൂർത്തിയാക്കുന്ന ആദ്യ വനിത കൂടിയാണ് 39-കാരിയായ ന്യൂഷിഫർ**
  - **ന്യൂഷിഫറിന്റെ പായ് വഞ്ചി: മിനേഹാഹ.**
- ഗോൾഡൻ ഗ്ലോബ് റേസ് പായ് വഞ്ചിയോട്ട മത്സരത്തിൽ ഫിനിഷ് ചെയ്യുന്ന ആദ്യ ഏഷ്യക്കാരൻ എന്ന റെക്കോഡ് നേടിയ മലയാളി നാവികൻ ?
  - **അഭിലാഷ് ടോമി**
  - **236 ദിവസവും 14 മണിക്കൂറും 46 മിനിറ്റും കൊണ്ടാണ് അഭിലാഷ് ടോമി ബനായത്ത് എന്ന പായ് വഞ്ചിയിൽ കര തൊട്ടത്. മത്സരത്തിൽ രണ്ടാമതായാണ് ഫിനിഷ് ചെയ്തത്.**
- ഇംഗ്ലീഷ് പ്രീമിയർ ലീഗ് ടീമായ മാഞ്ചസ്റ്റർ യുണൈറ്റഡിനെ സ്വന്തമാക്കാൻ 50000 കോടി ₹യ്ക്ക് വാങ്ങാൻ ഒരുങ്ങുന്ന ഖത്തറിലെ ശതകോടീശ്വരൻ ?
  - **ഷെയ്ഖ് ജാസിം ബിൻ ഹമദ് അൽതാനി**

*********************************************

PSC TALKZ